Registered No. M-4485

Madras War Review, Malayalam—26-5-1944

# യുദ്ധസഞ്ചിക

വോള്യം III]    മദിരാശി: 1944 മേയി 26-ാംനു, വെള്ളിയാഴ്ച    [ലക്കം 38



## പുതിയതും ശക്തിയേറിയതുമായ പ്രഹരം

★

പടിഞ്ഞാറും, തെക്കും, കിഴക്കും ഉള്ള പ്രത്യാക്രമണകേന്ദ്രങ്ങളിൽനിന്നും, നാസി ആധിപത്യത്തിലുള്ള യൂറോപ്പിനെ, ശക്തിപൂർവ്വം പ്രഹരിക്കുവാൻ സഖ്യരാജ്യങ്ങൾ ഇതാ ഒരുങ്ങിയിരിക്കുകയാണ്.

രാജ്യരക്ഷണത്തിൽനിന്നും, പ്രത്യാക്രമണത്തിലേക്കു നാം കടന്നതു് നമ്മുടെ പരിപൂർണ്ണശക്തിയും ലോകത്തിലെ മററു സ്വാതന്ത്രജനതകളുടെ ശക്തിയുമായി ഘടിപ്പിച്ചുകൊണ്ടുമാത്രമാണ്. നമ്മുടെ ഐക്യം പുലർത്തിക്കൊണ്ടിരുന്നാൽ അവസാനവിജയം നമുക്കു തീർച്ചയായും പ്രാപ്യമാണ്. യുദ്ധാനന്തരം നമ്മുടെ ഐക്യം തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ മനുഷ്യസമുദായത്തിനു് സമാധാനപൂർവ്വം ജീവിക്കുകയും, ജോലി ചെയ്യുകയും, സ്വാതന്ത്രമായും ക്ഷേമമായും ഈശ്വരഭജനം നടത്തുകയും ചെയ്യാം.

—പ്രസിഡെണ്ട് റൂസ്‌വെൽററു്, യു. എസ്. കാൺഗ്രസ്സിനു് തിങ്കളാഴ്ച അയച്ച പതിനഞ്ചാമത്തെ കട-പ്പാട്ട റിപ്പോർട്ടിൽനിന്നു്

## ഉള്ളടക്കം


| | ഭാഗം |
|---|---|
| പുതിയതും ശക്തിയേറിയതുമായ പ്രഹരം .. | 1 |
| മദിരാശി യുദ്ധകാര്യനിധി .. .. .. | 2 |
| ഇററാലിയൻ രംഗത്തിലെ കയററം .. .. | 3, 4 |
| മദിരാശിക്കാരുടെ കൊഹിമ രംഗത്തിലെ വിശിഷ്ട സേവനം. | 5 |
| ജപ്പാൻകാരുടെ ക്രൂരപ്രവൃത്തികൾ .. .. | 6, 7, 10 |
| യു. എസ്. എസ്. ആർ. .. .. | 8 |
| ചിത്രങ്ങൾ .. .. .. .. | 9 |
| ഒരു വീരബാലൻ .. .. .. | 11 |
| യുദ്ധചരിതം .. .. .. | 12 |


# യുദ്ധകാര്യനിധിയുടെ ആകെത്തുക ഇന്നു മൂന്നു കോടിയായിരിക്കുന്നു

ബഹുമാനപ്പെട്ട മദിരാശി ഗവർണ്ണർ ചുവടേ ചേർക്കുന്ന സന്ദേശം അയച്ചിരിക്കുന്നു:—

ഗവണ്മേൻറ് ഹൌസ്,
ഉട്ടക്കമണ്ഡ്,
1944 മെയി 18-ാംനു.

യുദ്ധകാര്യനിധിയുടെ ആകെത്തുക ഇന്നു് മൂന്നു കോടിയായിരിക്കുന്നു.

ദരിദ്രരും ധനികരും ഉൾപ്പടെ, സകല വിഭാഗം ആളുകളും, ഈ നിധിയിലേക്കു അവരുടെ ഉദാരമായ സംഭാവന തുടൎന്നുവരുന്നു. സന്നദ്ധസംഭാവനകളിൽ നമ്മുടെ പ്രസിഡെൻസി മററുള്ളവയ്ക്കു മാൎഗ്ഗദൎശിയാണെന്നുള്ളതിന്നു പുറമെ, രക്ഷാകടത്തി (Defence Loans)ലേക്കു ഇവിടുന്നു മുപ്പത്തൊന്നു കോടി ഉറുപ്പിക സംഭാവന ചെയ്തിട്ടുമുണ്ടെന്നുള്ളതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

നിങ്ങളുടെ സംഭാവനകൾ, നമ്മുടെ ഭടന്മാരുടെ ഉന്നതമായ വീൎയ്യത്തിന്നു എത്രയും അനുഗുണമാണു്. ജീവസന്ധാരണത്തിന്നുകൂടി നിരാശരായി നാം യുദ്ധം ചെയ്തിരുന്ന ആ അന്ധകാരകാലത്തു് അവ നമുക്കു ഒരു പ്രചോദനം നൽകിയിരുന്നു. പ്രകാശമാനമായ ആസന്നഭാവിയിലും, വിജയം കൈവരുന്നതുവരെ, നിങ്ങൾ ഉദാരമായി സംഭാവന തുടരുമെന്നു എനിക്കു ബോധ്യമുണ്ടു്.

ആർതർ ഹോപ്പ്,
മദിരാശി ഗവർണ്ണർ.

## സമര നൃത്ത ഗാനം

(ഇനി താമസിയാതെ ഗമിക്കാം....എന്ന മട്ടു്)

1 ഇനി താമസിയാതെ ഗമിക്കാം സമരഭൂമിയിൽ
സമരനാദം കേൾപ്പൂ! വീരസോദരന്മാരെ, ധീരസോദരിമാരെ.

2 ഭാരതമാതൃ മാറിടത്തിൽ ജാപ്പജന്തുമാർ
ഫിഫ്ത്ത് കോള കപടഗീതി പാടിയാടുമ്പോൾ
യുദ്ധവീർ സ്വന്തമക്കൾ നിദ്രചെയ്കയോ? ഗാഢനിദ്ര ചെയ്ക
[യോ?

3 സത്യഭാമ, ചാന്ദ്ബീബി, ധീരപത്മിനി
പ്രതാപശാലി ഹൈദരാലി, ഭീമസിംഹനും
മാതൃധരണി മാറിൽ മാനമരണമാണില്ലേ? വീരമരണമാണില്ലേ?

4 കടും പാതകരാം നാസി ജർമ്മക്രൂരയോദ്ധരും
തൊഴിലാളി വർഗ്ഗ വീരരാജ്യം കൊള്ള ചെയ്യുമ്പോൾ
വർഗ്ഗബോധ വിമുഖരായി പിന്തിരികയോ നമ്മൾ പിന്തിരികയോ

5 സസ്യശ്യാമള മോഹന വംഗഭൂമിയിൽ
ജാപ്പ് ധൂർത്തർ നിഷ്ഠുരണം ബോംബെറിയുമ്പോൾ
പുതചരിത സ്മാരകങ്ങൾ വീണിടിയുന്നു, ജനം ചത്തൊടുങ്ങുന്നു.

6 പോക പോക പോർക്കളത്തിൽ പോർ നടത്തീടാൻ
അടർക്കളത്തിൽ പടനടത്തി പൊടിപൊടിച്ചീടാൻ
ക്രൂരജാപ്പു നാസികളെ കൊന്നൊടുക്കീടാൻ മേൽരക്ഷ നേടിടാൻ.

—ഔസേപ്പ്, ഐ. വടക്കൻ

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

മദിരാശി: 1944 മേയി 26-ാംനു, വെള്ളിയാഴ്ച

## ഇററാലിയൻ രംഗത്തിലെ കയററം

ഈ ആഴ്ചയിലത്തെ രണ്ടു വർത്തമാനങ്ങൾ ശ്രദ്ധാർഹമായിട്ടുണ്ടു്. അതിലൊന്നു് ബ്രിട്ടനിലെ വാർത്താവിതരണമന്ത്രി (Minister of Information) ലണ്ടനിൽവെച്ചു ചെയ്ത ഒരു പ്രസ്താവനയാണു്. ഇററലിയിൽ ഇപ്പോൾ നടക്കുന്ന യുദ്ധത്തിൻെറ ഗൌരവം വർണ്ണനയെ അതിക്രമിക്കുന്നു. ജനറൽ അലക്സാണ്ടറിൻെറ സേന ജർമ്മൻകാർക്കു ഇതുവരെ അനുഭവപ്പെടാത്തതായ ഒരു "മുക്കിപ്പിഴിച്ചൽ" കഴിച്ചിരിക്കുന്നു. മറെറാരു വിശേഷവർത്തമാനം "ജർണ്ണൽ ഡി ജനീവെ" എന്ന പത്രം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണു്. അതിൽ ഇപ്രകാരം കാണുന്നു: ജർമ്മനിയിലെ യുദ്ധവിദഗ്ദ്ധന്മാർക്കു ബാൾക്കൻ രാജ്യങ്ങൾ അവരുടെ അധീനത്തിൽ ഇനിമേൽ വെച്ചുകൊണ്ടിരിക്കുവാൻ സാധിക്കുന്ന കാര്യം സംശയമെന്നു തോന്നുകയാൽ ആസ്റ്റ്രിയ അതിർത്തിയെ സുരക്ഷിതമാക്കാനുള്ള ഏർപ്പാടുകൾ ചെയ്യാൻ തീർച്ചയാക്കിയിരിക്കുന്നു. ഹങ്കറിയുടെയും ചെക്കോസ്ലോവാക്കിയയുടേയും അതിർത്തികളിൽ ലെയിത്ത, ത്രേ, മൊറവ എന്നീ നദികളുടെ തീരങ്ങളിലായി വൻപിച്ച കോട്ടകൾ കെട്ടുവാൻ ആരംഭിച്ചിട്ടുണ്ടു്. ഈ രണ്ടു വർത്തമാനവും അന്യോന്യം ബന്ധപ്പെട്ടതാണു്. ഇററലിൽവെച്ചു കിട്ടിയ അടിയുടെ ശക്തിയാൽ ബാൾക്കൻ രാജ്യങ്ങളിൽനിന്നു് തൻെറ സേനയെ പിൻവലിക്കാൻ ഹിട്ലർ നിർബ്ബന്ധിതനായിരിക്കണം. ജർമ്മൻസേന അവിടെനിന്നു് പിൻവാങ്ങിയാൽ, ബാൾക്കൻ രാജ്യങ്ങളെ മുൻസ്ഥിതിയിൽ തൻെറ അധീനത്തിൽ തന്നെ നിർത്തുവാൻ ഹിററ്ലർക്കു സാധിക്കുന്നതല്ലല്ലോ. അതുകൊണ്ടു് അവയെ കൈവിട്ടു് യൂറോപ്പിലെ മദ്ധ്യപ്രദേശത്തിലേക്കു് വാങ്ങിനിന്നു് ഒരു കൈകൂടി നോക്കുവാനായിരിക്കണം ഹിററ്ലറുടെ ഇനിയത്തെ ശ്രമം. ഏതായാലും വലിച്ചു വീശലെല്ലാം നിറുത്തി, നില്ക്കക്കളളി തേടാൻ ഹിററ്ലർക്കു ആഗ്രഹം തുടങ്ങിയെന്നുളളതിലേക്കുളള ലക്ഷണങ്ങളാണിതെല്ലാം. "കരിക്കന്മാ"രുടെ "വളയിൽ ചാട്ട"മാണു് ഹിററ്ലരുടെ നയം നമ്മെ അനുസ്മരിപ്പിക്കുന്നതു്. ആക്രമണവളയം ചുരുക്കിക്കൊണ്ടുവരികയാണു് ഹിററ്ലർ ചെയ്യുന്നതു്. ഇനി വളയമില്ലാതെ ജർമ്മനിക്കു ഒരൊററച്ചാട്ടം ചാടാനും ഹിററ്ലർ മടിക്കുകയില്ലെന്നു വിചാരിക്കാം.

രണ്ടാം സമരമുഖത്തിൻെറ പ്രാരംഭങ്ങളെപ്പററി പല ഊഹങ്ങളും നടക്കുന്ന ഈ സമയത്തു്, ഇററലിയിൽ ഐക്യകക്ഷികൾക്കുണ്ടായ വിജയം ശുഭോദർക്കം തന്നെയാണു്. അഞ്ചാം സേനയും എട്ടാം സേനയും ഒന്നിച്ചുചേർന്നു് ലിറി താഴ്വരയിൽനിന്നു് ശത്രുക്കളെ ഒഴിപ്പിക്കുവാൻ ചെയ്യുന്ന ശ്രമമാണു് ഇപ്പോൾ അതിഗംഭീരമായി നടക്കുന്നതു്. ഈ രംഗത്തിലേക്കു കണക്കില്ലാതെ സഹായസൈന്യത്തെ ജർമ്മൻകാർ നയിച്ചുകൊണ്ടിരിക്കുന്നു. ഐക്യകക്ഷികളും അതുപോലെ ചെയ്യുന്നുണ്ടു്. കുറച്ചുകാലത്തെ മൌനത്തിനുശേഷം ജനറൽ അലക്സാംണ്ടർ ജർമ്മൻ സേനക്കു മുക്കിപ്പിഴിച്ചൽ കഴിച്ചതായി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതോടുകൂടി അവരുടെ ഏറിത്തല്ലൽ നിലച്ചിരിക്കുന്നു. ആദ്യം ഗസ്റ്റാവ്ലൈൻ, പിന്നെ ഹിററ്ലർലൈൻ എന്നീ രണ്ടു നിരകളും ഐക്യസേന ഭേദിച്ചു കഴിഞ്ഞിരിക്കുന്നു. തന്നെയല്ല, ശത്രുക്കളെ നിട്ടിയടിക്കുവാൻ സൌകര്യമുളള സ്ഥാനങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തു. ഇനി റോമിലേക്കുളള പ്രയാണം കുറേക്കൂടി സുഗമമാകുന്നതാണു്. ആ പ്രദേശങ്ങളിലുളള അസൌകര്യങ്ങൾ നോക്കുമ്പോൾ ഈ നേട്ടങ്ങൾ പ്രശംസിക്കത്തക്കതുതന്നെയാണു്. ശത്രുക്കളുടെ അന്തംവിട്ട പൊരുതൽ വിചാരിച്ചാൽ സംഭവത്തിൻെറ ഗൌരവം പ്രത്യക്ഷമാകും. തങ്ങളുടെ സൈന്യങ്ങളെ അവിടുന്നും ഇവിടുന്നുമായി വലിച്ചു കൊണ്ടുവരേണ്ടതായിവന്നു. അതുകൊണ്ടു് അവരുടെ അധീനത്തിലുളള മററു ചില രംഗങ്ങൾക്കു് രക്ഷ പോരാതെയും വന്നിട്ടുണ്ടു്. നഷ്ടപ്പെട്ടുപോയ സ്ഥലങ്ങൾ റഷ്യ കൈക്കലാക്കയുംചെയ്തു. ഇതോടുകൂടി ഒരാക്രമണരംഗം പടിഞ്ഞാറാരംഭിച്ചാൽ വിജയം വിദൂരമാകുന്നതല്ല.

ഇതുപോലെത്തന്നെയാണു് ബർമ്മയിലെ സ്ഥിതിയും. അരാക്കൻ രംഗത്തിലൊഴികെ ബാക്കിയെല്ലായിടത്തും ഐക്യസേനകൾ പുരോഗതിതന്നെയാണു് ഉണ്ടായിട്ടുള്ളതു്. മണിപ്പൂർ റോഡിലുള്ള യുദ്ധം തുടർന്നുകൊണ്ടിരിക്കുന്നു. ഇംഫാലും കൊഹിമയും നമ്മുടെ അധീനതയിൽ പൂർവ്വാധികം സുരക്ഷിതമായിട്ടുണ്ടു്. ഇംഫാൽ-ഡിമാപ്പൂർ റോഡിൽക്കൂടി ശത്രുക്കൾ കടന്നുകൂടാൻ ശ്രമിച്ചതു് വിഫലവുമായി. ബിഷ്ണെൻപൂരിലും ശത്രുക്കൾക്കു കടക്കാൻ സാധിച്ചിട്ടില്ല. മേല്പറഞ്ഞ റോഡിൽക്കൂടിയാണു് ചൈനയിലേക്കു ഭക്ഷണസാമഗ്രികളും മററും അയച്ചുവരുന്നതു്. അതുകൊണ്ടാണു് ജാപ്പാൻ അതു കൈവശമാക്കാൻ ഉദ്യമിക്കുന്നതു്. ചൈനക്കു ഐക്യകക്ഷികൾ ചെയ്തുകൊടുക്കുന്ന സഹായമനുസരിച്ചാണു് ബർമ്മയിൽ യുദ്ധഗതിക്കു വേഗം കൂട്ടുന്നതു്. ചൈനക്കാർക്കു സഹായം കിട്ടുന്നതു പോരെന്നുള്ള ആവലാതി അധികം താമസിയാതെ അവസാനിക്കുമെന്നാശിക്കാം.

# മദിരാശിയും, ബോംബേയിലെ നാശവും

[കുറച്ചു ദിവസങ്ങൾക്കു മുൻപു്, ബോംബേയിലെ ദുരിതസംഭവത്തിൽ കഷ്ടതയനുഭവിക്കുന്നവരോടു മദിരാശിയിലെ ആളുകൾക്കുള്ള സഹതാപത്തെ രേഖപ്പെടുത്താനായി, മദിരാശി ഗവർണ്ണരുടെ യുദ്ധകാര്യ നിധിയിൽനിന്നു ബോംബെ ഗവർണ്ണരുടെ പേർക്കു 50,000 ഉറുപ്പികയുടെ ഒരു സംഭാവന അയച്ചതായ ഒരു പത്രക്കുറിപ്പു കാണുകയുണ്ടായി. അതു സംബന്ധിച്ചു ബഹു: സർ ആർതർ ഹോപ്പും, ബഹു: സർ ജോൺ കോൾവില്ലും അന്യോന്യം നടത്തിയ കത്തിടവാടുകളാണു് ഞങ്ങൾ ചുവടേ ചേർക്കുന്നതു്.]

## ബോംബേ ദുരിതനിവാരണം

### മദിരാശിയിൽനിന്നുള്ള ഉദാരസംഭാവന

പ്രിയപ്പെട്ട കോൾവിൽ, ഈയിടെ ബോംബേയിലുണ്ടായ ഭയങ്കര നാശത്തെപ്പററിയും അതിൽനിന്നു അവിടത്തെ ചില സ്ഥലങ്ങളിലെ കുടിപാർപ്പുകാർക്കു നേരിട്ടിട്ടുള്ള കഷ്ടനഷ്ടങ്ങളെപ്പററിയും ഉള്ള വാർത്തകൾ മദിരാശിക്കാരായ ഞങ്ങൾ വ്യസനസമേതം വായിച്ചറിഞ്ഞു. അങ്ങിനെ ദുരിതമനുഭവിക്കുന്നവരുടെ സങ്കടനിവാരണാർത്ഥം, മദിരാശിയിലെ ജനങ്ങളുടെ പ്രതിനിധിയെന്ന നിലയിൽ, മദിരാശി യുദ്ധകാര്യ നിധിയുടെ മേൽനോട്ട സമിതി 50,000 ഉറുപ്പികയുടെ ഒരു സഹായധനം നൽകുവാൻ കൃപാൾചെയ്തിരിക്കുന്നു. നിങ്ങളുടെ ഉചിതം പോലെ വീതിച്ചുകൊടുക്കുന്നതിനായി നിങ്ങളുടെ സെക്രട്ടറിയുടെ പേർക്കു ആ സംഖ്യ അയച്ചുകൊടുക്കുവാൻ ഞാൻ ആണററി ഖജാൻജിയെ ഏല്പിച്ചിട്ടുണ്ടു്.

സ്വരാജ്യക്കാരായ അവർക്കു നേരിട്ട ദുരിതത്തിൽ മദിരാശിക്കാർക്കുള്ള അഗാധമായ സഹതാപ ദുഃഖാദികളുടെ ഒരു സൂചനയായി മദിരാശിക്കാരുടെ ഈ സംഭാവനയെ നിങ്ങൾ സ്വീകരിക്കുന്നതായാൽ എനിക്കു വളരെ ചാരിതാർത്ഥ്യമുണ്ടാവുന്നതാണു്.

ബോംബേ ഗവർണ്ണരുടെ മറുപടി ചുവടേ ചേർക്കുന്ന പ്രകാരമാണു്:

പ്രിയപ്പെട്ട ഹോപ്പു്, ഇവിടത്തെ തുറമുഖത്തു് ഈയിടെയുണ്ടായ അത്യാപത്തിലെ നാശപരിഹരണാർത്ഥം, അവിടത്തെ യുദ്ധഫണ്ടിൽ നിന്നു അയച്ചുതന്ന 50,000 ഉറുപ്പികയുടെ അത്യുദാരമായ സംഭാവനക്കും, അതോടുകൂടിയുള്ള നിങ്ങളുടെ കത്തിനും വളരെ നന്ദിപറഞ്ഞുകൊള്ളുന്നു. മദിരാശിയിലെ ആളുകളുടെ ഈ ഹാർദ്ദവും, പ്രായോഗികവുമായ സഹതാപസൂചനക്കു ഞാൻ അതീവ കൃതജ്ഞനാണു്. ഈ സംഭാവന വാർത്തയെ ഇവിടത്തെ ആളുകൾ വളരെ സന്തോഷപുരസ്സരം സ്വാഗതം ചെയ്യുമെന്നു എനിക്കറിയാം.

## ഒരു ശിപായിയുടെ ജാപ്പാനോടുള്ള വീരവാദം

(വഞ്ചിപ്പാട്ടു്)

(ശിപ്പായി കുഞ്ഞൻ പിള്ള)

പലപലപരിഷ്കാര വിളനിലമെന്നവണ്ണം
ദിനേദിനേ വളർന്നോരീ മഹിയെയിപ്പോൾ.
പരിതാപകിരണൻെറ വലയിലകപ്പെടുത്തി-
വലയ്ക്കുന്ന ദുഷ്ടാ! നീയും കരുതികൊൾക!
ബർമ്മകിട്ടിയെന്നുള്ളൊരു ദുർമ്മദം കരുതിടേണ്ടാ
നിർണ്ണയമതൈക്യ ശക്തിയടക്കും വീണ്ടും.
ഒളിച്ചു നീയിതുപോലെ ചതിയും കൊണ്ടിരിക്കേണ്ടാ
പിടികൂടും ഞങ്ങൾ നിന്നെ ഒരിക്കലോർക്ക

കൂട്ടുകാരനായിട്ടുണ്ടു് ജർമ്മനിയെന്നെണ്ണിടേണ്ടാ
അടുത്തിടാനവനൊരു കഴിവുമില്ല.
മിടുക്കരായുള്ള റഷ്യൻ ഭടന്മാരാലവൻ പാരം
കുടുക്കത്തിലായതും നീയറിയുന്നില്ലേ?
ഒരുകുഞ്ഞീ ഭാരതോർവ്വീ തലത്തിലുള്ളോളം കാലം
കരുതീടു ഗതി നിനക്കപായമെന്നായ്.
ഭാരതാംബതന്നുടയ ധീരവീരകുമാരരെ
നീയറിഞ്ഞിട്ടില്ലയെങ്കിലറിഞ്ഞു കൊൾക.

[കുറിപ്പു.—ഉചിതമെന്നു തോന്നിയ ചില മാററങ്ങൾ വരുത്തിയിട്ടുണ്ടു്. (യു. സ. പ.)]

# മദിരാശിക്കാരുടെ, കൊഹിമാരംഗത്തിലെ വിശിഷ്ടസേവനം

അസ്സാമിലെ ഏകാന്ത വിമാനത്താവളങ്ങളിൽ വിമാനവിനാശിനിത്തോക്കുകളിലെ വിവിധ പ്രവൃത്തികൾ, മുതൽ ബുൾഡോസേർസി (Bulldozers) നെ വനാന്തരങ്ങളിൽ കൂടി ഓടിച്ച് കാലാൾ സൈന്യങ്ങൾക്കു ജപ്പാൻകാരെ സമീപിക്കുവാൻ സഹായിക്കുകയും, മററനവധി ജോലികളും ഈ മദിരാശിക്കാർ ചെയ്തുവരുന്നു എന്നു ഒരു മദിരാശി സൈന്യനിരീക്ഷകൻ പ്രസ്താവിച്ചിരിക്കുന്നു.

പതിനെട്ടു വഷങ്ങൾക്കു മുൻപു സേലത്തുകാരൻ ചേരാട്ടേജൻ ഒരു ബീഡി ചുരുട്ടുന്നയാളായിരുന്നു. ഇന്ന് വിമാനവിനാശിനിത്തോക്കിലെ ഒന്നാംകിട പ്രവൃത്തിക്കാരനാണ്. അയാളുടെ സംഘമെല്ലാം, ഈ സൈന്യത്തിലെ മററു വിഭാഗങ്ങളെപ്പോലെ, മദിരാശിക്കാരാണ്; സാർജൻറു ഡബ്ല്യൂ. ബി. വാക്കർ പറയുന്നതെന്തെന്നാൽ: "മദിരാശിത്തോക്കുകാർ മഹാസമത്ഥന്മാരാണ്. ഞാൻ കണ്ടിട്ടുള്ളവരിൽ ഒന്നാംകിടക്കാരാണവർ." അയാൾ തന്നെ ബ്രിട്ടനിലെ യുദ്ധകാലം മുഴുവൻ ഒരു തോക്കുകാരനായിരുന്നുവെന്നും അറിയണം.

എല്ലായിടത്തും മദിരാശിക്കാർ അവക്കു ഏററവും കഴിവുള്ളതു ചെയ്യുന്നു. അവർ പലപ്രത്യേക സാങ്കേതിക ജോലികളും ചെയ്യുന്നതു കാണാം. ഒരു യൂണിററിലെ സ്വിച്ച് ബോഡിൽ കോയമ്പത്തൂർകാരൻ പഡാറി ഗൌഡർ പ്രവൃത്തിയെടുക്കുന്നു; മദിരാശിക്കാരൻ പി. എൻ. നായിഡു വിദ്യുച്ഛക്തി ഉപകരണങ്ങളുടെ കേടു പോക്കുന്നു; എത്രയോ ഡ്രൈവർമ്മാർ വിവിധ വാഹനങ്ങൾ ഓടിക്കുന്ന പ്രവൃത്തികളിൽ ഏപ്പെട്ടിരിക്കുന്നു. എൻെറ സൈന്യ വിഭാഗത്തിൽതന്നെ ഗുണ്ടൂർക്കാരൻ ഒരു എബ്രാഹാമും ബുൾഡോസേർസ് പ്രവത്തനം നടത്തുന്ന മധുരക്കാരൻ പിച്ചൈയും ഉണ്ടു്. പതിമൂന്നു ദിവസത്തേക്കു, കൊഹിമരംഗത്ത് ജപ്പാൻകാരോടെതിരിട്ടു നിന്നിരുന്ന ഒരു സൈന്യവിഭാഗത്തിൽ, വിജയംവരെ, ഇവരെല്ലാവരും വിശിഷ്ടസേവനം നടത്തിയിരുന്നു. ഒരു കേൾണൽ അവരുടെ വിശിഷ്ടസേവനത്തിന്നു നന്ദിപ്രകടിപ്പിച്ചു. അദ്ദേഹത്തിൻെറ പ്രസംഗം പരിഭാഷപ്പെടുത്തിയതു് മദിരാശിക്കാരൻ ഒരു ചെറുപ്പക്കാരൻ ഡാക്കറാണ്.

# പ്രസന്നതയുള്ള ദാതാക്കൾ

ബ്രിട്ടൻ, അമേരിക്കൻ ഐക്യനാടുകൾ, കാനഡാ, ഇന്ത്യ, തുടങ്ങിയ ഓരോ രാജ്യക്കാരുടെയും യുദ്ധകാര്യ പരിശ്രമസംബന്ധമായ ചിലവുകളെക്കുറിച്ചു വലിയ സംഖ്യാറിപ്പോട്ടുകൾ പവൻ, ഷില്ലിങ്ങ്, പെൻസ, ഡാളർ, ഉറുപ്പിക, അണ, പൈസ എന്നീ കണക്കിൽ നാം കൂടെക്കൂടെ പത്രങ്ങളിൽ കാണുന്നുണ്ടു്. ഗ്രഹണാതീതമായ ഇമ്മാതിരി പെരുംകണക്കുകളെ വിട്ടു കുറച്ചുകൂടി ഗ്രാഹ്യമായ സംഖ്യകളെക്കുറിച്ചു നമുക്കാലോചിക്കാം.


മദിരാശിക്കാരുടെ ഔദാര്യത്തെ ശരിയായി സംഗ്രഹിച്ചു വിശദമാക്കുന്ന ഒരു സംഖ്യയാണ് മൂന്നു കോടി ഉറുപ്പിക. നമുക്കു, മദിരാശി ഗവണ്ണരുടെ യുദ്ധകാര്യനിധിയുടെ ഈ നേട്ടത്തിനു, അതിൻെറ ശരിയായ പ്രാധാന്യം കൊടുക്കാം. പ്രതിദിനമുള്ള യുദ്ധകാര്യ ചിലവുകൾ പരിഗണിക്കുകയാണെങ്കിൽ, കേവലം മൂന്നു മണിക്കൂർ നേരത്തേക്കു മാത്രമെ നമ്മുടെ സംഭാവനതികയുന്നുള്ളു.

"ഉറക്കമില്ലായ്മയോടു എതിരിടാൻ പല മാർഗ്ഗങ്ങളുണ്ടു്. പല സംഗതികൾ ഒരു മനുഷ്യൻെറ മനസ്സിനെ വ്യാപരിപ്പിച്ചുകൊണ്ടിരുന്നേക്കാം; ജീവിതത്തിൽ ഓരോ ദിവസത്തേയും ഓരോ സംഗതിയും, പല ഏകമുഖ ചിന്തകളും, കുടിലമായ വ്യാപാര ഇടപാടുകളും, സിനിമാകളും, വിനോദ സവാരിയും, സമ്മേളനങ്ങളും, വിശ്രമവേളകളും, എല്ലാം നമ്മുടെ ഗ്രഹണശക്തിയെ അതിക്രമിക്കുന്നു.

ഇവയെയൊക്കെക്കാൾ, നിദ്രാശക്തി പ്രദായകമായി ഒന്നു ഞാൻ പറഞ്ഞുതരാം. മദിരാശി സംസ്ഥാനം ഇക്കഴിഞ്ഞ നാലരകൊല്ലത്തേ യുദ്ധാവശ്യങ്ങൾക്കായി ശരാശരി മൂന്നു മൂന്നര മണിക്കൂർ നേരത്തെ ചിലവിനുള്ള വകയേ സംഭാവന ചെയ്തിട്ടുള്ളു. പണം കൊടുത്തതിനു ശേഷം, അതു തീർച്ചതന്നെയാണേ; യുദ്ധസംഭവങ്ങളിൽ ഏതു ഘട്ടത്തിലുള്ള മൂന്നു മണിക്കൂറു നേരത്തേക്കു അതു ഉപയോഗിക്കാനാണ് നിങ്ങൾ ഉടൻ പണം കൊടുക്കുന്നതു് എന്നൊന്നാലോചിച്ചു നോക്കൂ. പണം കൊടുത്തു കഴിഞ്ഞശേഷം, ഏതെങ്കിലും ഒരു ഘട്ടം, അഥവാ നിശ്ചിത സന്ദർഭം, കുറിച്ചുകൊള്ളുക. മദിരാശിക്കാർ പണം കൊടുത്തതു്, ബേർളിൻ ബോംബു ചെയ്യുന്നതിനുള്ള ചെലവിലേക്കെന്നോ, ബിസ്മാക്ക് മുക്കുന്നതിനുള്ള ചെലവിലേക്കെന്നോ, അഥവാ, രണ്ടാം സമരമുഖം ആരംഭിക്കുന്നതിനുള്ള ചെലവിലേക്കെന്നോ എന്തെങ്കിലും ഉറച്ചുകൊണ്ടു് ഉറങ്ങാൻ പോയികിടന്നു കൊള്ളുക.

പരമാത്ഥത്തിൽ നാം കൊടുത്ത പണം ഇത്രമാത്രം പ്രകടിതമായ രീതിയിലല്ല ചെലവു ചെയ്യപ്പെട്ടിരിക്കുന്നതു്; പിന്നെയൊ ഈ പത്രിക വായിച്ചുവരുന്നവക്കു സുപരിചിതമായ മററു വിധങ്ങളിലാണ്. എന്നാൽ ഈ യുദ്ധത്തിൻെറ മൂന്നുമണിക്കൂറോ, കൂടുതലോ അംശം നമ്മുടെതാണെന്നും, ആ മൂന്നു മണിക്കൂറിനകം പലതും സംഭവിച്ചേക്കാമെന്നും, ഉള്ളതു നാം അറിയാതെ നിവൃത്തിയില്ല. ഇന്നു മദിരാശിയിലെ യുദ്ധകാര്യനിധി, യുദ്ധത്തിലേപ്പെട്ടിരിക്കുന്ന ഭടന്മാരുടെ സുഖസൌകര്യാദികൾക്കും, യുദ്ധത്തടവുകാരുടെ സങ്കടനിവാരണങ്ങൾക്കുമായിട്ടാണ് വിനിയോഗിച്ചുവരുന്നതു്. സംഭാവകന്മാക്കു, അവരുടെ പണംകൊണ്ടു ഇതിൽ കൂടുതൽ ഗുണകരമായ സംഗതികൾ നടത്തണമെന്നു തോന്നുകയില്ലെന്നു കരുതുന്നു. അഥവാ മറെറന്തെങ്കിലും ആവശ്യങ്ങൾക്കായി അവരുടെ സംഭാവനയെ വിനിയോഗിക്കണമെന്നുണ്ടെങ്കിൽ, അതിലേക്കു വേണ്ട നിർദ്ദേശങ്ങൾ ചെയ്യുകൊള്ളാം. മദിരാശി ഗവണ്ണരുടെ യുദ്ധനിധിയുടെയും, ദേശീയ രക്ഷാകടപ്പത്രങ്ങളുടെയും ലാക്കു തെററിയേക്കുമോ എന്നു ഭയപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷെ, ഇന്നാകട്ടെ യുദ്ധത്തിൻെറ ശുഭപര്യവസാനം ഞങ്ങളുടെ മററു സകല താല്പര്യങ്ങളെയും കടന്നുനില്ക്കുന്നു എന്നു കരുതിവരുന്ന മദിരാശിക്കാരുടെ ഔദാര്യത്തിന്നു യാതൊരു അവധിയുമില്ല. അതിൽ അവക്കുള്ള തൃപ്തിയുടെ ഫലമായായിരിക്കണം പ്രസ്തുത നിധികളിലേക്കു അനവരതം സംഭാവനകൾ വന്നുകൊണ്ടിരിക്കുന്നതെന്നു ന്യായമായി കരുതാവുന്നതാണ്.

(സർ ആർ. ഡെനിസ്റ്റൻെറ ലേഖനം)



എച്ച്. എം. എസ്. സിഗ്നെററ് എന്ന ബ്രിട്ടീഷു കപ്പൽ.

# ജാപ്പാൻകാരുടെ ക്രൂരപ്രവൃത്തികൾ

## വാറണ്ടാപ്പീസ്സരുടെ അനുഭവങ്ങൾ

ജാപ്പാൻകാരുടെ ഒരു മുങ്ങിക്കപ്പലിൽ ഈയിടെ ഇന്ത്യയിൽ വന്നെത്തിയ പന്ത്രണ്ടു ഇന്ത്യൻ ഭടന്മാരിൽ ഒരാളായ ടെക്നിക്കൽ വാറണ്ടാപ്പീസ്സർ ആസൽ നൂർ ഖാൻ (Asal Nur Khan) ഐ. എ. ഓ. സി., ഡെൽഹിയിൽ വെച്ചു മേയി 22-ാം തിയ്യതി ഉർദുവിൽ ചെയ്ത പ്രക്ഷേപിണി പ്രസംഗമദ്ധ്യേ ഇപ്രകാരം പറയുകയുണ്ടായി :—

ഇന്ന് എന്റെ സ്വദേശത്തു വെച്ചു നിങ്ങളോടു സംസാരിക്കാൻ സംഗതി വരുത്തിയതിന്നു ദൈവത്തിനോടു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. ജപ്പാനുമായി യുദ്ധമാരംഭിക്കുന്നതിന്നു രണ്ടു മാസം മുൻമ്പു ഞാൻ മലയായിലെ ഐപ്പോ (Ipoh) വിലായിരുന്നു. 1941 ഡിസമ്പർ 8-ാം തിയ്യതി, 28-ാം ഇന്ത്യൻ കാലാൾസൈന്യത്തോടുകൂടി എന്റെ യൂണിററ് ഐപ്പോവിൽനിന്നു ജേത്ര (Jetra) യിലേക്കു മാററപ്പെട്ടു. രണ്ടു മാസത്തേക്കു ഞങ്ങൾ യുദ്ധം ചെയ്തു. പക്ഷേ ഫെബ്രുവരി 18-ാം തിയ്യതി സിംഗപ്പോർ ശത്രുക്കൾക്കധീനമാകുകയും, ഞങ്ങളെല്ലാവരും തടവിലാക്കപ്പെടുകയും ചെയ്തു.

എന്റെ യൂണിററിൽനിന്നു എന്നെ പിരിച്ചെടുത്തു ഒരു സഞ്ചാര വർക്ക്ഷാപ്പിൽ (Mobile Workshop) ജോലിക്കായി നിയമിച്ചു. പിന്നീടു, മററു യൂണിററുകളുടെ കൂട്ടത്തിൽ, ഞങ്ങളെ നെയിസം ക്യാമ്പി (Naisum Camp) ലേക്കു അയച്ചു. അവിടെച്ചെന്ന ശേഷം ആദ്യത്തെ രണ്ടു ദിവസത്തേക്കു ഞങ്ങൾക്കു ഏതാനും ബിസ്കററല്ലാതെ മററു യാതൊരാഹാരവും കിട്ടിയിരുന്നില്ല.

ഞങ്ങൾക്കു താമസത്തിന്നു യാതൊന്നും തന്നെ ഒരുക്കിയിട്ടില്ലായിരുന്നു. 'കഷ്ടിച്ചു 800 പേർക്കു താമസിക്കാനുണ്ടായിരുന്ന സ്ഥലത്തു ഏതാണ്ട് 19,000 തടവുകാരെ കൊള്ളിച്ചിരുന്നു. രണ്ടു ദിവസം കഴിഞ്ഞു ആഹാരാദികൾ എത്തി. വൃത്തിഹീനമായി തന്നിരുന്ന ചോറു ഞങ്ങളിൽ മിക്കവർക്കും അതിസാരം ഉണ്ടാക്കിത്തീർത്തു. സുഖക്കേടുകാരെ ശുശ്രൂഷിക്കുവാൻ യാതൊരേർപ്പാടും ഇല്ലായിരുന്നു. അവർ ഓരോരുത്തരായി മരിച്ചു. യുദ്ധരംഗത്തിൽ മരിച്ചതിൽ കൂടുതൽ ആളുകൾ ജാപ്പാൻകാരുടെ ഇപ്രകാരമുള്ള അശ്രദ്ധകൊണ്ടു ക്യാമ്പുകളിൽവെച്ചു മരിച്ചിട്ടുണ്ട്.

ഇന്ത്യൻ യുദ്ധത്തടവുകാരോടു ജാപ്പാൻകാർ പെരുമാറിയിരുന്നതു് ഏത്രയും ക്രൂരമായ രീതിയിലാണ്. അപമര്യാദ കാണിച്ചതായി ശങ്കിച്ചിട്ടു ശകാരിക്കയാണോ എന്നു തോന്നുമാറു, ധിക്കാരമനസ്ഥിതിയോടും... ബഹുമാനശൂന്യമായും അവമാനകരമായുമാണ് ഒരു ജാപ്പാൻ ഭടൻ ഇന്ത്യൻ സൈന്യത്തിലെ ആപ്പീസ്സരോടു പെരുമാറുന്നതു്. ജാപ്പാൻകാർ നമ്മെ പലവിധത്തിലും ഉപദ്രവിച്ചു പോന്നു. നമ്മുടെ സാമാനങ്ങളെല്ലാം അവർ അപഹരിച്ചു കൊണ്ടുപോയിരുന്നു. നമ്മുടെവാച്ചും മററും തട്ടിപ്പറിച്ചു നമ്മെ അടിക്കുന്നതിനുപോലും അവർ മടിച്ചിരുന്നില്ല.

രാവിലെ എട്ടുമണിക്കു ലോറിയിൽ പിടിച്ചിട്ടു പകൽ മുഴുവൻ നമ്മെക്കൊണ്ടു പണിയെടുപ്പിച്ചിരുന്നു. ജോലിയുടെ കടുപ്പത്തെപ്പററി ആരെങ്കിലും പരാതി പറയുന്നതായാൽ അവരെ വല്ലാതെ ഉപദ്രവിക്കും. രാവിലെ ലഘു ഭക്ഷണം ഒന്നു തരിക പതിവില്ലെന്നുകൂടി ഓർമ്മിക്കേണ്ടതാണ്.

അവർ ഇന്ത്യൻ യുദ്ധത്തടവുകാരോടു വളരെ നിർദ്ദയന്മാരാണെന്നു ഒട്ടുമിക്കവർക്കും അറിയാവുന്നതാണ്. വേറെ ക്യാമ്പുകൾ കാണുവാൻ എനിക്കിടയായിട്ടുണ്ടു. എല്ലായിടത്തും ജാപ്പാൻകാർ ഇന്ത്യൻ യുദ്ധത്തടവുകാരോടു വളരെ ക്രൂരമായാണ് പെരുമാറിയിരുന്നതു എന്നു പറയാൻ എനിക്കു സാധിക്കും.

അവരുടെ ആ ബന്ധനത്തിൽനിന്നു മോചനം നേടാൻ, അവരോടു സഹകരിക്കാൻ തയ്യാറാണെന്നു ഭാവിക്കുകമാത്രമേ ഒരു മാർഗ്ഗമായുണ്ടായിരുന്നുള്ളു. ഞാൻ ജാപ്പാൻകാർക്കു അനുകൂലിയായിരുന്നു. അതുകൊണ്ടു എന്റെ പേർ ആ പട്ടികയിൽ ചേർത്തിരുന്നു. സെപ്റ്റംബറിൽ ഞങ്ങൾ പെനാങ്ങിലെത്തി. അവിടെ ഞങ്ങൾക്കു ഒരു കൊല്ലത്തെ പരിശീലനം നൽകി.

പരിശീലനക്കാലത്തു ഞങ്ങൾക്കു പ്രാർത്ഥനക്കുകൂടി സമയം കിട്ടിയിരുന്നില്ല. ജാപ്പാൻ ക്രൂരതയുടെ പരമാവധികണ്ടതു് ഒരു ആപ്പീസർ വന്നു ഞങ്ങളെ എല്ലാവരേയും ഒരു തുറന്ന സ്ഥലത്തു കൊണ്ടു നിർത്തി, ജാപ്പാൻ രാജകീയ കൊട്ടാരത്തിന്റെ നേരെ നോക്കി പ്രാർത്ഥിക്കുവാൻ പറഞ്ഞപ്പോഴാണ്. ഇതിനേക്കാൾ ഗർഹണീയവും, അവമാനകരവുമായി ഒരു മുസ്ലീമിന്നു എന്താണുള്ളതു് ? പക്ഷെയാതൊരു രക്ഷയുമില്ലായിരുന്നു. ഞങ്ങളുടെ ഒരു സ്നേഹിതൻ ഒരു ദിവസം അസാൻ (Azan). ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ ഒരു ജാപ്പാൻ ആപ്പീസ്സർ വന്നു പള്ളിറൂമ്മിക്കൊണ്ടു അയാളെ വലിച്ചിഴച്ചു കൊണ്ടുപോയി. അയാളെ അടിക്കുകയും ചെയ്തുവെന്നു പിന്നീടാണ് ഞങ്ങളറിഞ്ഞതു്. എന്തു കുററമാണ് ചെയ്തതെന്നു ചോദിച്ചപ്പോൾ അയാൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ഞങ്ങളെല്ലാവരും പടിഞ്ഞാട്ടു തിരിഞ്ഞുനിന്നിരുന്നു എന്നു ജാപ്പാൻകാരൻ മറുപടി പറഞ്ഞു.

ഏതെങ്കിലും വിധത്തിൽ ഇന്ത്യയിൽ വന്നെത്തണമെന്നായി ഞങ്ങളുടെ പരമചിന്ത. അതിനാൽ ജാപ്പാൻ കുടുക്കിൽ നിന്നു വെളിയിൽ ചാടാൻ ഒരവസരം പാർത്തുകൊണ്ടേയിരുന്നു. ഞങ്ങൾക്കെല്ലാവർക്കും പൊതുവായി ഒരു സംഗതിയുണ്ടായിരുന്നു. ഞങ്ങളുടെ പ്രധാനാഗ്രഹം ജാപ്പാൻകാരൻ അറിയാനിടയായാൽ, മാതൃഭൂമിയിലെത്തുവാൻ ഞങ്ങൾക്കുള്ള ലേശമാശ കൂടി നാശമാവുമെന്നു ഭയമുണ്ടായി. അതുകൊണ്ട് അവരുമായി സകലവിധത്തിലും ആത്മാർത്ഥമായി ഒത്തു പ്രവർത്തിക്കുന്നു എന്നു അവർക്കു തോന്നുമാറു ഞങ്ങൾ പെരുമാറിയിരുന്നു. എന്നിട്ടുകൂടി അവർ സംശയത്തോടുകൂടിയാണ് ഞങ്ങളെ വീക്ഷിച്ചിരുന്നതു്.

ഫെബ്രുവരി 27-ാംനു ഞങ്ങൾ ഒരു മുങ്ങിക്കപ്പലിൽ കേറി. ആ സമയത്തു ഞങ്ങൾക്കുണ്ടായിരുന്ന വിചാരങ്ങൾ വിചിത്രം തന്നെ. ഒടുവിൽ എന്തെങ്കിലും ഒരു സ്വരച്ചേർച്ച് അന്യോന്യം ഉണ്ടായേക്കാമെന്നു ഞങ്ങൾ ഭയപ്പെട്ടു. ഞങ്ങളുടെ ഉദ്ദേശങ്ങളെപ്പററി എന്തെങ്കിലും അവരറിയാനിടയായാൽ, ഇന്ത്യ കാണുവാനുള്ള ഞങ്ങളുടെ സകല ആഗ്രഹവും എന്നെന്നേക്കും വ്യർത്ഥമാവും. അതുകൊണ്ടു സ്നേഹിതന്മാരോടു സംസാരിക്കുമ്പോൾ ഞങ്ങൾ വളരെ സൂക്ഷിച്ചിരുന്നു.

മാർച്ച് 25-ാംനു ഇന്ത്യയിൽ പസ്നി എന്ന സ്ഥലത്തുവന്നു കപ്പലിറങ്ങി. ഞങ്ങൾക്കു നടക്കുവാൻപോലും കഴിയാത്ത വിധമുള്ള ക്ഷീണമുണ്ടായിരുന്നു. പക്ഷെ, മാതൃഭൂമിയിൽവന്നു തൊട്ടതോടു കൂടി, തന്നത്താനറിയാത്ത വിധം സന്തോഷം ഞങ്ങൾക്കുണ്ടായി. ജാപ്പാൻകാരുടെ നരകക്കുഴിയിൽ നിന്നു ഒരു വിധം രക്ഷപ്പെട്ടതിന്നും സ്വദേശത്തുവന്നു ചേർന്നതിന്നും ഞങ്ങൾ ദൈവത്തിനോടു നന്ദിപറഞ്ഞു. ഏതാനും നിമിഷങ്ങൾക്കു മുൻപു നടക്കുവാൻ പോലും കഴിയാതിരുന്ന ഞങ്ങൾക്കു, നല്ല ബലമുള്ളതായി തോന്നുകയാൽ, അപ്പോൾ എത്ര ദീർഘമുള്ള യാത്ര വേണമെങ്കിലും ചെയ്യാൻ ഞങ്ങൾ സന്നദ്ധരായി.

പസ്നിയിലേക്കു ഞങ്ങൾ തിരക്കായി പോയി. ഞങ്ങൾക്കു തന്നന്നാൻസമർപ്പിക്കത്തവരായി ആരെയെങ്കിലും കാണണമെന്നു തോന്നി. ഏകദേശം ഒന്നര മൈൽ ദൂരത്തായി ഒരു ടൗൺ പോസ്റ്റ് കണ്ടു. രണ്ടു കൊല്ലങ്ങൾക്കുശേഷം, അന്നു അവിടെ വെച്ചാണ് ഞങ്ങൾക്കു നല്ല ഭക്ഷണം കിട്ടിയതു്. ഞങ്ങളോടു അവർ വളരെ നല്ലവണ്ണം പെരുമാറുകയും ചെയ്തു.

അടുത്ത ദിവസം ഒരു വിമാനത്തിൽ ഞങ്ങൾ കറാച്ചിയിൽ വന്നു. അവിടന്നു ഗ്വാളിയറിലേക്കും, അവിടന്നു പിന്നെ ഡെൽഹിലേക്കും പോന്നു. ഇന്നിതാ, ഞങ്ങളെല്ലാവരും സ്വന്തം വീടുകളിൽ, കുടുംബസഹിതം സുഖമായി കഴിയുകയാണ്.

# ജമേദാരുടെ അനുഭവങ്ങൾ

**ജാപ്പാൻ മുങ്ങിക്കപ്പലിൽ, കുറച്ചു ദിവസങ്ങൾക്കുമുൻപു ഇന്ത്യയിൽ വന്നട്ടത്ത പന്ത്രണ്ടുപേരിൽ ഒരാളായ ജമേദാർ മുഹമ്മദ് യൂസുഫ്ഖാൻ, മേയി 21-ാം തിയ്യതി ഡെൽഹി പ്രക്ഷേപിണികേന്ദ്രത്തിൽവെച്ചു, ഉർദ്ദുവിൽ ചെയ്ത പ്രസംഗം:**

രണ്ടുകൊല്ലത്തെ വിദേശ വാസത്തിന്നുശേഷം, ഇന്നു ഞാൻ സ്വരാജ്യത്തു വെച്ചു, എന്റെ സ്നേഹിതരോടു സംസാരിക്കുകയാണ്. ഈ രണ്ടുവർഷക്കാലം ജാപ്പാൻകാരുടെ തടവുകാരനായാണ് ഞാൻ കഴിഞ്ഞുകൂടിയതു്. രണ്ടുകൊല്ലത്തെ ദുരിതം, നിസ്സഹായത! സ്വരാജ്യത്തു മടങ്ങിയെത്തിയപ്പോൾ, ഇരുളടഞ്ഞ ശവകുടീരത്തിൽനിന്നു ഒരു പുതിയ ലോകത്തിലേക്കു—സ്വാതന്ത്ര്യപൂർണ്ണവും സജീവവുമായ ഒരു ലോകത്തിലേക്കു—വന്നതുപോലെ എനിക്കു തോന്നുന്നു.

എനിക്കു ഒരു കഥ പറയാനുണ്ടു്: മരിച്ചു, ഉയിർത്തെഴുന്നേററിട്ടുള്ള ഒരാളുടെ കഥ.

മാർച്ച് 25-ാം തിയ്യതി ഒരു കാൻവാസ് ബോട്ടിൽ ഞങ്ങൾ ഇന്ത്യൻ തീരത്തു വന്നണഞ്ഞു. സ്ഥലത്തിന്റെ പേർ പസ്നി എന്നാണ്. ഞങ്ങൾ വന്ന ബോട്ടു മണലിൽ കുഴിച്ചിട്ടിട്ടു് പസ്നി ഗ്രാമത്തിലേക്കു നടന്നു തുടങ്ങി. ആ ഗ്രാമത്തിലെ സെമിന്ദാരെക്കണ്ടു, ഞങ്ങളുടെ കഥ അയാളോടു പറഞ്ഞു. ഞങ്ങൾ ജാപ്പാൻകാരുടെ ക്യാമ്പിൽനിന്നു വരുന്നവരാണെന്നും, അവരുടെ അപേക്ഷപ്രകാരം ചെയ്യാൻ ഞങ്ങൾ തയ്യാറില്ലെന്നും, ഞങ്ങളുടെ ആഗമനം പട്ടാളോദ്യോഗസ്ഥന്മാരെ അറിയിക്കണമെന്നും ഞങ്ങൾ അദ്ദേഹത്തോടു പറഞ്ഞു. ജാപ്പാൻകാർ ഞങ്ങൾക്കു തന്നിരുന്ന സകല സാധനങ്ങളും ഞങ്ങൾ അദ്ദേഹത്തെ കാണിച്ചു; ആറു തോക്കുകൾ, അതിന്റെ ഉപകരണങ്ങൾ, ഉണക്കിയ ഭക്ഷണ സാമഗ്രികൾ, രണ്ടു റേഡിയോ സെററുകൾ (ഒന്നു ഒരു തൊട്ടിയിലും, മറെറാന്നു ഒരു ഹുക്കായിലും മറച്ചു വെച്ചിരുന്നു) പണം ഇവ. ഞങ്ങൾക്കെല്ലാവർക്കും 900 ഉറുപ്പികയും അനേകായിരം ഉറുപ്പിക വിലപിടിക്കുന്ന വൈരങ്ങളുമുണ്ടായിരുന്നു. ആ സെമിന്ദാർ ഞങ്ങൾക്കു ഭക്ഷ്യപാനീയങ്ങളും തന്ന്, കറാച്ചിയിലേക്കു ഒരു സന്ദേശം അയക്കുകയും ചെയ്തു. അടുത്ത ദിവസം ഒരു മേജർ വന്നു ഞങ്ങളെ കറാച്ചിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടന്നു ഞങ്ങൾ ഡെൽഹിയിലേക്കു വന്നു.

ഇതാണ് എന്റെ കഥയുടെ അവസാനം. ദുരദൃഷ്ടമായ ഒരു കഥക്കു ശുഭമായ ഒരു പരിസമാപ്തി.

ഞങ്ങളെ ജാപ്പാൻകാർ തടവിലാക്കിയ ആരംഭം പറയണമെങ്കിൽ ആ ദുർദ്ദിനമായ 1942 ഫെബ്രുവരി 15-ാം തിയ്യതിയിലേക്കു തിരിയണം. ഞാൻ 8-ാം കാലാൾ സൈന്യത്തിൽ ചേർന്നയാളായിരുന്നു. ഈ സൈന്യവിഭാഗത്തിലെ സകല പേരേയും ഓരോരോ ജെയിലുകളിലേക്കയച്ചിരുന്നു; എന്റെ ചില സ്നേഹിതരുമൊന്നിച്ചു ബിഡധാരി ക്യാമ്പിലേക്കാണ് എന്നെ അയച്ചതു്. അവിടെ തടവുകാർക്കുള്ള ഭക്ഷണത്തിന്റെ മേൽനോട്ടത്തിനാണ് എന്നെ ഉദ്യോഗിച്ചിരുന്നതു്.

ഈ സ്ഥലങ്ങളെല്ലാം ജാപ്പാൻ കാവൽക്കാരാൽ വളരെ ബലമായി ബന്തവസ്സു ചെയ്യപ്പെട്ടിരുന്നു. അവിടന്നു വെളിയിൽ വരുവാൻ റോഡിലോ, വിമാനത്താവളത്തിലോ, മറെറവിടെയെങ്കിലും ജോലി ചെയ്യുന്നതിനോ, ഭാരമേറിയ കല്ലുകൾ ഒരിടത്തുനിന്നു മറെറാരിടത്തേക്കു മാററുക മുതലായ പ്രവൃത്തിക്കോ മാത്രമേ സാധിച്ചിരുന്നുള്ളൂ. ഒൻപതുമണിക്കൂർ നേരത്തേക്കു അശ്രാന്ത പ്രവൃത്തിയെടുത്തിരുന്ന ഞങ്ങൾക്കു തീരെ അപരിമിതമായ ആഹാരമേ ലഭിച്ചിരുന്നുള്ളൂ. ഞങ്ങളുടെ ക്യാമ്പ് മേലുദ്യോഗസ്ഥൻ, പിന്നീടു, മാവായി കുറെ അരി, ധാരാളം പൊടിയും കലർന്നതു്, വല്ലവിധവും ഞങ്ങൾക്കായി സ്വാധീനമാക്കി. ഉപ്പോ, മുളകോ, മസാലയോ യാതൊന്നും ഇല്ലായിരുന്നു. സഹിച്ചുകൂടാത്ത ഘട്ടത്തിലെത്തിയപ്പോൾ, സ്ഥിതിക്കു ഒരു പരിഹാരമുണ്ടാകുമെന്നു വിചാരിച്ചു ഞങ്ങളെല്ലാവരും മേലുദ്യോഗസ്ഥന്മാരോടു എതിർത്തു. പക്ഷെ, ഞങ്ങളുടെ എതിർപ്പു അവർ കേവലം അവഗണിക്കുകയാണുണ്ടായതു്.

ആദ്യകാലങ്ങളിൽ ഞങ്ങളെ ഇണക്കാനായി അവർ പല വഴികളും പരീക്ഷിച്ചുനോക്കി. ഏഷ്യക്കാകമാനമുള്ള സ്വാതന്ത്ര്യം, തുടങ്ങി പലതും, നമ്മുടെ ഹൃദയഭാവങ്ങളെ പ്രചോദിപ്പിക്കുവാനായി പ്രയോഗിച്ചു നോക്കും. അവരുടെ വിദ്യയെല്ലാം വിഫലമാകുമ്പോൾ പലവിധമായ ദ്രോഹങ്ങൾ ചെയ്തു തുടങ്ങും.

സകല തടവുകാരോടും പ്രതിഫലമില്ലാതെ ജോലി ചെയ്യാൻ ആവശ്യപ്പെടും. വിസമ്മതിക്കുന്നവരെ ഉടൻതന്നെ ജെയിലേക്കയച്ചു, ഇരുമ്പു ചങ്ങലകളാൽ ബന്ധിച്ചു, ശരീര ദണ്ഡമേല്പിക്കുകയും, വൃത്തികെട്ട ആഹാരങ്ങൾ കൊടുക്കുകയും ചെയ്യുന്നു. ഇതിന്റെയെല്ലാം ഫലമായി അവർക്കു മിക്കവാറും അതിസാരമോ മറെറന്തെങ്കിലും സുഖക്കേടുകളോ പിടിപെടുന്നു.

ഇക്കാലത്തു് ജാപ്പാൻകാരുടെ ഈവക ദ്രോഹങ്ങൾ കണക്കിലധികം കടുത്തുപോയതിനാൽ തടവുകാർ പലപ്പോഴും ലഹള കൂട്ടിയിട്ടുണ്ടു്. ഒരു ദിവസം രാവിലെ, അടുത്ത ക്യാമ്പിൽ ലഹള തുടങ്ങിയിരിക്കുന്നു എന്ന വർത്തമാനം അറിഞ്ഞു. താമസിയാതെ തന്നെ, അവിടത്തെ പല ഇന്ത്യൻ ആപ്പീസറന്മാരും, ഭടന്മാരും ജെയിലിലേക്കയക്കപ്പെട്ടതായും അറിവു കിട്ടി. ഇങ്ങിനെയുള്ള ലഹളകൾ പി. ഡബ്ല്യു. ക്യാമ്പുകളിൽ അപൂർവ്വമല്ലായിരുന്നു; വെടിവെപ്പു കേസുകളും മററും ആഴ്ചതോറും ഉണ്ടാകാറുമുണ്ടു്.

ഞാൻ ബിഡധാരി ക്യാമ്പിൽ കഴിച്ചുകൂട്ടിയ ആറു മാസവും, ഈ ജാപ്പാൻകാരുടെ ദ്രോഹം ഒന്നിനൊന്നു വർദ്ധിച്ചുവന്നതേയുള്ളൂ.

ജാപ്പാൻകാർക്കു ആരെങ്കിലും കീഴ്വഴങ്ങിയിട്ടുണ്ടെങ്കിൽ, അതു, തന്റെ സ്വദേശമായ ഇന്ത്യയിലേക്കു വരാനുള്ള ഒരു മാർഗ്ഗമായി മാത്രമാണ് എന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്.

ആറുമാസത്തിന്നു ശേഷം ബിഡധാരിയിൽനിന്നു എന്നെ സലേററർ ക്യാമ്പിലേക്കു മാററി.

ഇവിടത്തെ തടവുകാർ, തങ്ങളുടെ ശത്രുക്കൾ ഏല്പിക്കുന്ന ഉപദ്രവങ്ങളെ ഏല്ക്കുകയാണ്, സ്വരാജ്യത്തിന്റെ കീർത്തിയെ കെടുത്തുമാറുന്നവരെ സേവിക്കുന്നതിലും നന്നെന്നു കരുതിവന്നു.

ഞാൻ ഈ ക്യാമ്പിൽ ചെന്നു കഴിച്ചു ഒരാഴ്ചക്കകം, പ്രത്യേക ജോലികൾക്കായി അവിടുന്നു ആളുകളെ തിരഞ്ഞെടുക്കാനായി ഒരു മേജർ അവിടെവന്നു. ഈ ശത്രുക്കളിൽനിന്നു രക്ഷപ്പെടുവാൻ ഈശ്വരദത്തമായ ഒരവസരമെന്നു കരുതി, അത്തരം ജോലികൾ ചെയ്യാൻ ഞാൻ സന്നദ്ധനായി. ഒരു സംഘം മുസ്ലീമങ്ങളുടെ കൂട്ടത്തിൽ ചാരപ്രവൃത്തി ചെയ്യുവാനായി ഞാനും ചേർന്നു: ഞങ്ങളുടെ സംഘത്തെ പ്രചരണം, നീന്തൽ, തുഴയൽ, തുടങ്ങിയവയിൽ പരിശീലനം തരുന്നതിനായി പെനാങ്ങിലേക്കയച്ചു. അതിന്നുശേഷം, ശ്രീ സുഭാഷ് ചന്ദ്രബോസ്സ്, പ്രത്യേകം അഭിമുഖ സംഭാഷണത്തിൽ, ഈ സംഗതി ഇന്ത്യയിലെ മുസ്ലീമങ്ങളോടു എങ്ങിനെയാണ് ചിത്രീകരിക്കേണ്ടതെന്നു നിർദ്ദേശിച്ചു.

കുറച്ചു ദിവസങ്ങൾക്കു ശേഷം, സിംഗപ്പൂരിലേക്കു പോകാൻ ഞങ്ങൾക്കു ഉത്തരവു കിട്ടി. അവിടെ ഏകദേശം രണ്ടുമാസം ഞങ്ങൾ കഴിച്ചുകൂട്ടി. അതിന്നുശേഷം വീണ്ടും ഇരുപതു പേരടങ്ങിയ ഒരു സംഘത്തെ തിരഞ്ഞെടുത്തു പെനാങ്ങിലേക്കു മടക്കിയയച്ചു. അവരിലൊരാളായിരുന്നു ഞാൻ. അവിടെ വീണ്ടും പരിശീലനം നൽകി, ഇരുപതുപേരിൽ പന്ത്രണ്ടുപേരെ ഇന്ത്യയിൽ ചാരപ്രവൃത്തി ചെയ്യാനായി തിരഞ്ഞെടുത്തു.

അങ്ങിനെ 1944 ഫിബ്രുവരി 27-ാം തിയ്യതിയിലെ സുപ്രഭാതത്തിൽ ഞങ്ങളുടെ ഇന്ത്യായാത്ര ആരംഭിച്ചു. ഞങ്ങളുടെ യാത്ര അപായജടിലമായിരുന്നെങ്കിലും, അതിൽ എനിക്കു എത്രത്തോളം സന്തോഷമുണ്ടായിരുന്നിരിക്കുമെന്നു നിങ്ങൾക്കു നല്ലപോലെ ഊഹിക്കാമല്ലൊ.

ഞങ്ങളുടെ മുങ്ങിക്കപ്പലിലെ കപ്പിത്താനെ കണ്ടാൽ ഒരു ആപ്പീസ്സറെന്നല്ല ഒരു അരിവെപ്പുകാരനെന്നാണ് തോന്നുക! സാധാരണയിലും ഉയരം കുറഞ്ഞു്, തുറിച്ച കണ്ണുകളോടും നീണ്ട പല്ലുകളോടും കൂടിയ അയാൾക്കു, പകുതി വെളിയിലും പകുതി നിക്കറിന്റെ ഉള്ളിലായി മറഞ്ഞും ഇരുന്ന ഷർട്ടും, കഴുത്തിൽ ചുററിക്കെട്ടിയിരുന്ന കൈലേസും, ഉചിതമായ വസ്ത്രമായിരുന്നെന്നു പറയാം. മുഖം കഴുകിയിട്ടു് അനവധി ദിവസമായെന്നു കാഴ്ചക്കു തോന്നും. മി. മസ്സൊ ഞങ്ങളുടെ കപ്പിത്താനാണെന്നു ഞാൻ അറിഞ്ഞിരുന്നില്ലെങ്കിൽ, അയാൾ ഒരാപ്പീസ്സറാണെന്നു വിശ്വസിക്കുകയേ ഇല്ലായിരുന്നു. അയാളുടെ പദവിയുടെ ഏകലക്ഷണം, തൊപ്പിയുടെ മേലുണ്ടായിരുന്ന രണ്ടു വരകൾ മാത്രമായിരുന്നു; അവയും മിക്കവാറും അഴുക്കുകൊണ്ടു മൂടപ്പെട്ടിരുന്നു. ഞങ്ങളുടെ ഭാഗ്യവശാൽ, കപ്പലിലുള്ള ജാപ്പാൻകാർക്കാർക്കും ഞങ്ങളുടെ ഭാഷ അറിഞ്ഞുകൂടായിരുന്നു. അതുകൊണ്ടു അവരെ കളിയാക്കാൻ ഞങ്ങൾക്കു കഴിഞ്ഞിരുന്നു.

(ശേഷം 10-ാം പേജിൽ)

# യു. എസ്സ്. എസ്സ്. ആർ.

## (യൂണിയൻ ഓഫ് സോവിയററ് സോഷ്യലിസ്റ്റ റിപബ്ലിക്ക്)

യു. എസ്സ്. എസ്സ്. ആർ. എന്നതു് റഷ്യൻ മഹാരാജ്യത്തിൻെറ പരിഷ്കൃതമായി രൂപീകൃതമായിരിക്കുന്ന ഒരു സംഘടനയുടെ പേരാണു്. ഭൂതലത്തിൻെറ ⅙ ഭാഗം വലിപ്പമുള്ളതും 22700,000 ചതുരശ്ര കിലോമീററർ വിസ്തീർണ്ണമുള്ളതുമായ ഈ രാജ്യത്തിൻെറ അതിർത്തികൾ പടിഞ്ഞാറു കാർപേത്യൻ പർവ്വതനിരകളും ബാൾട്ടിക്ക് കടലും, കിഴക്കു ശാന്തസമുദ്രവും, വടക്കു ആർട്ടിക്ക് സമുദ്രവും, തെക്ക് പാമീർ സമതലവും മംഗോളിയയുമാണു്. ഇതിൻെറ തലസ്ഥാനം മോസ്കോ നഗരമാണു്.

യു. എസ്സ്. എസ്സ്. ആർ-ൽ ലോകത്തിലുള്ള മിക്ക ലോഹധാതുക്കളും ധാരാളമായി കാണുന്നുണ്ടു്. ഇരുമ്പു, പെട്രോളിയം, കൽക്കരി, മരങ്ങൾ ഇവയുടെ പുഷ്ടിയിൽ റഷ്യക്കു ലോകത്തിലെ ഒന്നാം സ്ഥാനമാണുള്ളതു്.

1922-ാമാണ്ടു് ഡിസെമ്പർ 30-ാംനു ലെനിനും, സ്റ്റാലിനും കൂടി, സോവിയററുകാരുടെ ഒന്നാമത്തെ യൂണിയൺ കോൺഫറൻസിൽവെച്ചാണു് ഈ യു. എസ്സ്. എസ്സ്. ആർ രൂപീകരിച്ചതു്.

ഇതു് ആരംഭിച്ചതു് റഷ്യയുടേയും, യൂക്രെയിനിൻെറയും, മററും സംഘടനകൾ ചേർന്നാണു് പിന്നീടു ഒരോ വൎഷവും മററു പല രാഷ്ട്രങ്ങളും ഇതോടുകൂടിച്ചേർന്നു. അങ്ങിനെ ഇപ്പോൾ ഇതിൽ മൊത്തത്തിൽ 16 സ്വേച്ഛയാ ചേർന്ന രാഷ്ട്രങ്ങളുണ്ടു്.

യു. എസ്സ്. എസ്സ്. ആർ. കൃഷിക്കാരുടേയും പണിക്കാരുടേയും ഒരു രാജ്യമാണു്. രാഷ്ട്രീയമായി പറയുകയാണെങ്കിൽ, സർവ്വാധികാരമുള്ള പണിക്കാരുടെ സഭക (Soviets Councils) ളിന്മേലാണു് ഇതു് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്.

സാമ്പത്തികമായി ഈ സംഘടന സോഷ്യലിസത്തിലാണു് അധിഷ്ഠിതമായിരിക്കുന്നതു്. മററുള്ളവരുടെ പ്രവൃത്തികളേയും ശ്രേയസ്സിനേയും വിഘ്നപ്പെടുത്താതുള്ള ചെറിയ സ്വകാര്യ ഉദ്യമങ്ങൾ അനുവദനീയമാണെങ്കിലും, പൊതു സംരക്ഷയെ ആശ്രയിച്ചുള്ള മൊത്ത പരിശ്രമപ്രവൃത്തിയിലും ഉല്പാദനത്തിലുമാണു് ഈ രാഷ്ട്രത്തിൻെറ ആദർശം നിലകൊള്ളുന്നതെന്നു് പറയാം.

യു. എസ്സ്. എസ്സ്. ആർ. ഒരു വ്യാവസായികശക്തിയാണു്. പുരാതനകാലത്തെ കാർഷിക രൂപത്തിൽനിന്നു് ഒരു ആധുനിക വ്യാവസായിക രൂപം ഇതു കൈക്കൊണ്ടിരിക്കുന്നു. അനവധി വിദ്യുച്ഛക്തി കേന്ദ്രങ്ങൾ ഇവിടെയുണ്ടു്. മുൻപു തീരെ ഇല്ലാതിരുന്ന പല വ്യവസായങ്ങളും പുതുതായി ഏർപ്പെടുത്തി. വിമാന നിർമ്മാണം, വാഹനങ്ങൾ, മരുന്നുനിർമ്മാണശാലകൾ തുടങ്ങി വേറേയും പലതു ഇതിൽ ഉൾപ്പെടുന്നു. രാജ്യത്തിൻെറ സമുദായികസ്ഥിതിയെ ആശ്രയിച്ചുള്ള ഒരു പഞ്ചവത്സര പദ്ധതിയുടെ ഫലമായാണു് ഈ വ്യവസായീകരണം സാധിച്ചതു്. സ്റ്റാലിൻെറ സ്മാരകമായാണു് ഇതു പൂർത്തിയാക്കപ്പെട്ടതു്.

ചെറിയ ചില്ലറ കൃഷിസ്ഥലങ്ങളടങ്ങിയ ഒരു രാജ്യമായിരുന്ന യു. എസ്സ്. എസ്സ്. ആർ-ൽ അവയെല്ലാം ചേർത്തിണക്കി, വിപുലമായ, സംഘടിത കൃഷി സാദ്ധ്യമാക്കിത്തീർത്തു. ഇതിന്നു കൃഷിക്കുപകരിക്കുന്ന അനവധി പുതിയ സാമഗ്രികൾ ഉപയോഗിച്ചുവന്നിരുന്നു. യുദ്ധത്തിന്നു മുൻപു എത്രയും വിപുലവും, പരിഷ്കൃതവുമായ തോതിൽ കൃഷി നടത്തിവന്നിരുന്ന 240,000 സംഘടിത കൃഷിത്തോട്ടങ്ങൾ അഥവാ വയലുകൾ ഉണ്ടായിരുന്നു.

അവിടുത്തെ ഒരു വ്യക്തിയേയും കാർഷിക ഉല്പാദന വിഷയത്തിൽ ചതിക്കുകയോ, നഷ്ടപ്പെടുത്തുകയോ ചെയ്യുന്നില്ല. ഈ രീതി എത്രയും മഹനീയമാണെന്നുള്ളതിന്നു സംശയമില്ല. വിശിഷ്ടമായ അവിടുത്തെ സംഘടനാബലത്തെയാണു് ഇതു സ്പഷ്ടമാക്കുന്നതു്.

അന്യോന്യ സൌഹാർദ്ദമുള്ള രണ്ടു തരക്കാരായ ആളുകളാണു് യു. എസ്സ്. എസ്സ്. ആർ-ൽ ഉള്ളതു്. ഒന്നു കൃഷിക്കാരും, മററതു ജോലിക്കാരും. ഇവർ അന്യോന്യം ഒരുവിധത്തിലും ഉപദ്രവിക്കുന്നില്ല. അവിടത്തെ ഒന്നാംകിടക്കാർ കൃഷിക്കാരോടും പണിക്കാരോടും സകല കാര്യങ്ങളിലും യോജിച്ചാണു് രാജ്യത്തു അധികാരികളായിത്തീരുന്നതു്. പണിക്കാരാകട്ടെ തങ്ങളുടെ സ്വന്ത ഗുണത്തിനായിട്ടാണു് സകലർക്കുമായി പ്രവൃത്തിയെടുക്കുന്നതു്. എന്തുകൊണ്ടെന്നാൽ, എത്രത്തോളം ആത്മാർത്ഥമായി ജോലിചെയ്തു കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നുവൊ, അത്രത്തോളം കൂടുതൽ സമുദായാഭിവൃദ്ധിയുമുണ്ടാകുന്നു. അങ്ങിനെ തനിക്കും കൂടുതൽ ഗുണം കിട്ടുന്നു. അതുകൊണ്ടാണു് അവിടുത്തെ ആളുകൾ മൊത്തമായി പണിയെടുക്കുവാൻ വീര്യവും, ഉത്സാഹവും ഉള്ളവരായിത്തീരുന്നതു്.

യു. എസ്സ്. എസ്സ്. ആർ-ലെ ആളുകളുടെ സംസ്കാരത്തിന്നും മൌലികമായ മാററങ്ങൾ വന്നിട്ടുണ്ടു്. മുൻപു അവിടുത്തെ ജനതയിൽ ഭൂരിഭാഗവും അനക്ഷരകുക്ഷികളായിരുന്നു. ഇന്നത്തെ നിലയാകട്ടെ, അതിൻെറ നേരെ എതിരാണു്. പ്രാഥമിക വിദ്യാഭ്യാസം സർവ്വസാധാരണവും, നിർബ്ബന്ധിതവുമായിത്തീർന്നിട്ടുണ്ടു്.

യു. എസ്സ്. എസ്സ്. ആർ-ൽ 180 ഓളം വിവിധ സമുദായങ്ങൾ നിവസിക്കുന്നു. ഈ വിവിധ സമുദായങ്ങൾ, അഥവാ ദേശീയർ, അവിടത്തെ പൊതുവ്യവസായീകരണത്തിൻെറ ഫലമായി ഒരുമിച്ചു അഭിവൃദ്ധിപ്പെട്ടുവന്നുകൊണ്ടിരിക്കുന്നു.

### ദൃഢതയും നിലനില്പും


യു. എസ്സ്. എസ്സ്. ആർ-ലെ വിവിധ ജനതാ വിഭാഗങ്ങൾ തമ്മിലുള്ള ഐക്യത്താലും, സഹകരണത്താലും, എല്ലാവർക്കും സകല ജീവിതസുഖസൌകര്യാദികളും ഭേദമില്ലാതെ അനുഭവിക്കുന്നതിനു സാധിക്കുന്നു. ഇതാണു ആ രാഷ്ട്രത്തിൻെറ ദൃഢതക്കും നിലനില്പിനും അടിസ്ഥാനമായ കാരണം. ആരംഭദശയിൽ തന്നെ, ഇതു ഒരു വിപുലമായ "അന്തർ ദേശീയ ശക്തി" (International force) യായിത്തീരുമെന്നു് സ്റ്റാലിൻ ദീർഘദർശനം ചെയ്തിട്ടുണ്ടായിരുന്നു. ആ മഹാദീർഘദർശനത്തിന്നു് തികച്ചും പരിപൂർണ്ണ സാഫല്യമുണ്ടായതു് ഹിററ്ലരോടു നേരിട്ടിട്ടുള്ള ഇന്നത്തെ യുദ്ധാരംഭശേഷമാണു്. ഹിററ്ലർവിരോധിയായ ഒരു രാഷ്ട്രീയസംഘടനയുടെ മുന്നണിയായി യു. എസ്സ്. എസ്സ്. ആർ-നെ കരുതാവുന്നതാണു്, തൻെറ അന്തസ്സും ജനസ്വാധീനവുമെല്ലാം ഈ യുദ്ധകാലത്തു യു. എസ്സ്. എസ്സ് ആർ. മററു രാഷ്ട്രങ്ങൾക്കു പ്രത്യക്ഷമായി കാട്ടിക്കൊടുത്തിട്ടുണ്ടു്.

(തുടരും)



## എസ്. എസ്. എസ്.

ദേശീയ സമ്പാദ്യപ്പത്രം വാങ്ങി, സാമാനങ്ങളുടെ വിലയെ താഴ്ത്തി, സാധുക്കളെ സഹായിക്കുക.


**ദേശീയ സമ്പാദ്യപ്പത്രം വാങ്ങുക**




ഭടന്മാരുടെ കവാത്തിന്റെ ഒരു വിഹഗവീക്ഷണം




ഭടന്മാർ കവാത്തു ചെയ്യുന്നതു് ബഹു. മദിരാശി ഗവർണ്ണർ സന്ദർശിക്കുന്നു




ഭടന്മാർ കവാത്തു ചെയ്യുവാൻ അണി നിരന്നു നില്ക്കുന്നതു്



അതേ രംഗത്തിൽ ബഹു. ഗവർണ്ണരും, പത്നിയും, പുത്രിയും നില്ക്കുന്നതു്



ജാപ്പാൻകാരുടെ ഒരു കൊടി പിടിച്ചെടുത്ത മദിരാശി ഭടന്മാർ വിജയത്തിൽ സന്തോഷഭരിതരായിരിക്കുന്നു



വൃക്ഷത്തിന്റെ കൊമ്പിൽ ഒളിച്ചിരുന്നുകൊണ്ടു് ചിന്നസ്വാമി എന്ന ഭടൻ ശത്രുക്കളുടെ പാതകളെ പരിശോധിക്കുന്നു

## മദിരാശി ഗവമ്മേണ്ട്

### നികുതി വകുപ്പ്

പ്രസ്സുനോട്ട് നമ്പർ 73.

ഫോട്ട് സെൻറു ജോർജ്ജ് 1944 മേയി 20-ാംനു.

കടം—പ്രേരിഷ്കരണകടവും, കൃഷിവായ്പകടവും സംബന്ധിച്ച നിയമം—അപേക്ഷപട്ടിക—വിതരണം.

പ്രേരിഷ്കരണകടത്തിനും കൃഷിവായ്പക്കും ചട്ടങ്ങളനുസരിച്ചുള്ള അപേക്ഷപ്പട്ടികകൾ, കൃഷിക്കാൎക്കു വേണ്ടിടത്തോളം കിട്ടുന്നില്ലെന്നുള്ള പരാതികൾ ഗവമ്മേണ്ടിൽ കിട്ടിക്കൊണ്ടിരിക്കുന്നു. അതിനു നിശ്ചിത പട്ടികയിലാണ് അപേക്ഷിക്കേണ്ടതു് എന്ന തെററിദ്ധാരണയാലാണ് ഈ പരാതി ഉത്ഭവിച്ചിരിക്കുന്നതെന്നു പ്രത്യക്ഷമാണ്. നികുതി വകുപ്പിലെ നികുതി ആപ്പീസറിൽ (Revenue Officer) നിന്നു കുറഞ്ഞതല്ലാത്തുള്ള ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോടോ അല്ലെങ്കിൽ ജില്ലാ കൃഷി ഇൻസ്പെക്ടരോടോ (District Agricultural Inspector) നേരിട്ടോ, അല്ലെങ്കിൽ എഴുതിയോ, അപേക്ഷിച്ചാൽ മതിയെന്നാണ് നിയമം. എഴുതി അപേക്ഷിക്കുകയാണെങ്കിൽ നിശ്ചിത പട്ടികയിൽ വേണമെന്നില്ല; ചുവടേ ചേൎക്കുന്ന വിവരങ്ങൾ അതിൽ ഉണ്ടായിരിക്കണമെന്നു മാത്രമെയുള്ളു:—

(1) അപേക്ഷകൻ താമസിക്കുന്ന ഗ്രാമത്തിൻെറ പേർ.
(2) അപേക്ഷകൻെറ പേർ.
(3) അപേക്ഷകൻെറ പാട്ടനമ്പർ.
(4) ആവശ്യമുള്ള കടസംഖ്യ.
(5) ആ കടത്തിൻെറ പ്രയോജനം.
(6) ഈടുകൊടുക്കുന്ന വസ്തുവിൻെറ വിവരങ്ങൾ.

നേരിട്ടു പറഞ്ഞ് അപേക്ഷിക്കുകയാണെങ്കിൽ, ആ ഉദ്യോഗസ്ഥൻ അപേക്ഷയെ രേഖപ്പെടുത്തി, വ്യവസ്ഥകൾക്കു അപേക്ഷകൻെറ ഒപ്പുവാങ്ങിക്കൊള്ളും. അതിനാൽ, കൃഷിക്കാൎക്ക്, അച്ചടിച്ച അപേക്ഷപ്പട്ടികയുടെ ആവശ്യമേ ഇതിന്നില്ല.

വി. എസ്. ഹോജ്മാഡി,
ഗവമ്മേണ്ട് സെക്രട്ടറി.



ഒരു ഇന്ത്യൻ വിദ്യുച്ഛക്തി വിദഗ്ദ്ധൻ അമേരിക്കൻ വൈമാനികനെ സഹായിക്കുന്നു

## മദിരാശി സിഗ്നലൎക്കു പിറന്നാൾ സമ്മാനം

### (സൎവ്വസൈന്യാധിപൻെറ തീരുമാനം)

ഇന്ത്യൻ സിഗ്നൽ സൎവ്വീസിലെ 05120 നമ്പറുകാരനായ ആരോഗ്യസ്വാമിയെ 100 ഉറുപ്പികയുടെ ഒരു ജന്മനക്ഷത്ര സമ്മാനത്തിന്നു് അൎഹനായി, സൎവ്വസൈന്യാധിപൻ ക്ലാഡി ആക്കിൻലെക്ക് തിരഞ്ഞെടുത്തിരിക്കുന്നു.

പ്രസ്തുത സമ്മാനം സംഭാവന ചെയ്തതു് ബ്രോച്ചും പഞ്ചമഹലും ജില്ലകളിലെ നവാബ് സർദാർ നഹർസിംഗ് ജിയാണ്. മുറിയേററ ഭടന്മാരിൽ സൎവ്വഥാ യോഗ്യനായി സൎവ്വസൈന്യാധിപന്നു തോന്നുന്ന ആൾക്കു കൊടുക്കാനായാണ് ഈ സമ്മാനം നിശ്ചയിക്കപ്പെട്ടിട്ടുള്ളതു്.

ബാംഗളൂരിൽ, മുനിറെഡ്ഡിപ്പാളയക്കാരനായ ആരോഗ്യസ്വാമി, ട്രോബ്രുക്കിൽ വെച്ചുണ്ടായ ഒരു പൊട്ടലിൽ, അഞ്ചാം ഇന്ത്യൻ സിഗ്നൽ സൎവ്വീസിൽ സേവനം നടത്തിക്കൊണ്ടിരിക്കെ, മുറിയേററയാളാണ്.



ആത്മത്യാഗത്തിന്നും, ധൎമ്മബോധത്തിന്നും, ആദൎശമായി പോൎക്കളത്തിൽവെച്ചു വീരമരണം വരിച്ച സുബേദാർ സുബ്രഹ്മണ്യം.

(7-ാം പേജിൽനിന്നു തുടൎച്ച)

ഓരോ ദിവസം കഴിയുംതോറും ഞങ്ങൾ സ്വദേശത്തിനോടടുത്തുകൊണ്ടിരുന്നു. ഓരോ രാത്രിയിലും വടക്കുനോക്കി യന്ത്രത്തിൽ നോക്കി ഇനി എത്ര ദൂരമുണ്ട് സ്വദേശത്തേക്കെന്നു മനസ്സിലാക്കിയിരുന്നു. ഒരു ദിവസം കപ്പലിലെ ജാപ്പാൻകാർ ഒരു സദ്യകഴിച്ചു. ഞങ്ങളേയും ക്ഷണിച്ചിട്ടുണ്ടായിരുന്നു. കൂട്ടാനെല്ലാം വിളമ്പിയപ്പോൾ പന്നിയിറച്ചിയും ഞങ്ങൾക്കു വിളമ്പിക്കണ്ടു. ഞങ്ങൾക്കു ദേഷ്യവും ആശ്ചൎയ്യവും ഉണ്ടായി. ഞങ്ങളെല്ലാവരും അതു കഴിക്കാൻ സാധിക്കില്ലെന്നു പറഞ്ഞപ്പോൾ അവൎക്കു വലിയ ദേഷ്യം തോന്നി. ഇന്ത്യയിലെത്തിയാലുടൻ ഈ മാതിരി അന്ധവിശ്വാസങ്ങളെല്ലാം വെടിയണമെന്നു ഞങ്ങളെ വിരട്ടിപ്പറഞ്ഞു.

ഒടുവിൽ 1944 മാൎച്ച് 16-ാംനു ഞങ്ങൾ ഇന്ത്യൻ തീരത്തണഞ്ഞു, ഞങ്ങളെ കരക്കിറക്കാൻ ജാപ്പാൻകാർ ശ്രമിച്ചു. അവർ രണ്ടു വഞ്ചികൾ വെള്ളത്തിലേക്കിറക്കി. അതിലൊന്നു മുങ്ങിപ്പോയി. അടുത്ത രാത്രി വീണ്ടും ശ്രമിച്ചു. മററെ വഞ്ചിയും മുങ്ങി, നാശമായിപ്പോയി. അതുകൊണ്ടു് വല്ല മുക്കുവന്മാരേയും കൊന്നിട്ടു് അവരുടെ വഞ്ചികൾ ഉപയോഗിക്കാമെന്ന് മി. മുസ്സും നിൎദ്ദേശിച്ചു. അത്രക്രൂരമായ ഒരു പ്രവൃത്തിക്കു ഞങ്ങൾ സമ്മതിച്ചില്ല.

ഒരാഴ്ചയോളം കഴിഞ്ഞ ശേഷം വഞ്ചികൾ രണ്ടും കേടു പോക്കി, അതിൽ കയറി ഞങ്ങൾ പസ്സിയിലേക്കു തിരിച്ചു. ഇന്ത്യയുടെ പരിശുദ്ധമണ്ണിൽ എത്തിച്ചേൎന്നതോടുകൂടി ഞങ്ങൾ അന്യോന്യം ആശ്ലേഷിക്കുകയും, ഞങ്ങളുടെ കണ്ണുകളിൽ ആനന്ദാശ്രുക്കൾ പൊടിയുകയും ചെയ്തു.

# ഒരു വീരബാലൻ

[ഡാക്ടർ ചേലനാട്ടു് അച്യുതമേനോൻ, പിഎച്ച്. ഡി. (ലണ്ടൻ)]

(തുടൎച്ച)

## രംഗം V

[വള്ളുവക്കോനാതിരിയുടെ കൊട്ടാരത്തിൽനിന്ന് അധികം ദൂരമില്ലാത്ത ഒരു മൈതാനം. വള്ളുവക്കോന്റെ മന്ത്രിമാരും മററുദ്യോഗസ്ഥന്മാരും ഒരു ഭാഗത്ത് തെയ്യാറാക്കിയിട്ടുള്ള തറയിന്മേൽ അവസ്ഥക്കനുസരിച്ച് ഇരിപ്പിടങ്ങളിൽ ഇരിക്കുന്നു. മാലോകർ വലത്തു ഭാഗത്തായി മററൊരു വലിയ തറയിന്മേൽ ഇരിക്കുന്നു.]

വള്ളുവക്കോനാതിരി: ഇങ്ങിനെയുള്ള അഭ്യാസപ്രദൎശനവും ആയോധന പ്രദൎശനവും ഇതിന്നുമുമ്പും ഇവിടെ നടന്നിട്ടുണ്ടെങ്കിലും ഇതു് ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണ് നാം ഏൎപ്പാടു ചെയ്തിട്ടുള്ളതു്. മാമാങ്കത്തിന്നു നമ്മുടെ നാട്ടിൽനിന്ന് "ചാവേർ" പോകുന്ന സമ്പ്രദായം തുടങ്ങീട്ടു നൂററാണ്ടുകൾ ഒന്നുരണ്ടല്ല. സാമൂതിരി ഒരിക്കൽ നമ്മുടെ സ്ഥാനത്തിരുന്ന ഒരു മാന്യപൂൎവ്വികനെ നിലപാട്ടുതറയിൽനിന്ന് തോല്പിച്ചിറക്കിയതാണ് ഇതിന്നു കാരണമെങ്കിലും, ഈ കഥയോ കാൎയ്യമോ മനസ്സിലാക്കാതെയാണ് ഈ സാഹസത്തിന്നു നമ്മുടെ പ്രജകൾ ഒരുമ്പെടുന്നതും, നാം അനുവദിക്കുന്നതും. അതുകൊണ്ടു് ഈ അനൎത്ഥാചാരം ഇങ്ങിനെതന്നെ തുടൎന്നുപോകുന്നതിന്റെ ഔചിത്യത്തിൽ നമ്മുടെ മന്ത്രിമാൎക്കും, നമ്മെ സമീപിച്ച മാലോക പ്രതിനിധികൾക്കും, അഭിപ്രായവ്യത്യാസമുണ്ടു്. അതിനാൽ, ഒന്നുകിൽ ചാവേർപോക്ക് അവസാനിപ്പിക്കുക, അല്ലെങ്കിൽ നെടിയിരുപ്പ് സ്വരൂപത്തിലെ നേതൃത്വത്തിൽ മാമാങ്കം നടക്കാതിരിക്കുക, ഇവയിലൊന്ന് നമ്മുടെ അഭിമാനത്തെ സംബന്ധിക്കുന്നേടത്തോളം സാധിക്കേണ്ടതായിരിക്കുന്നു. ജനസംഖ്യകൊണ്ടു് സാമൂതിരിയെ തോല്പിക്കുന്നതു് സുകരമല്ലെങ്കിലും 'എണ്ണംപറഞ്ഞ' ആയോധന സാമൎത്ഥ്യംകൊണ്ടു് കുന്നലക്കോനെ കമ്പിടീക്കുവാൻ കഴിഞ്ഞാൽ അതു വലിയൊരു നേട്ടംതന്നെയാണ്. അതിലേക്കുള്ള ത്രാണിയും മിടുക്കും ഉള്ളവരെ തിരഞ്ഞെടുക്കാനാണ് ഈ പ്രദൎശനം നടത്തുന്നതു്. ഇക്കുറി 'ചാവേർ' പോകുന്നവർ ഒരുഗ്രവ്രതത്തോടുകൂടി അതിന്നു പുറപ്പെടേണമെന്നാണ് നാം ആജ്ഞാപിക്കുന്നതു്. മറിച്ചു കാൎയ്യം തീൎക്കുന്നതു്, മാനത്തിന്നു ചേൎന്നതാണെങ്കിലും അതുകൊണ്ടുള്ള അനുഭവം ശൂന്യതയാണ്. ശൂന്യത നിലനിൎത്തുന്നതു് ഇരുകക്ഷികൾക്കും ഭൂഷണവുമല്ല. അതിനാൽ കളരിയിൽനിന്നു പടയാളികൾ കയ്യിലാക്കിയ അടവുകൾ നിഷ്പ്രയോജനമാകാതിരിക്കാനും, നമ്മുടെ മാതൃഭൂമിയുടെ മാനം രക്ഷിക്കുവാനും ഉള്ള അവസരം ഇതാണ്. അഭ്യാസപ്രദൎശനം തുടങ്ങട്ടെ.

(മല്ലയുദ്ധം, വാൾപ്പയററു്, കുന്തപ്പയററു്, മുതലായവ നടക്കുന്നു. അതിലിടക്കു ചന്തുണ്ണി ഇടയിൽ ഒരു മലക്കം മറിഞ്ഞു് അവിടെ ചാടിവീഴുന്നു. ആ കുട്ടിയുടെ പ്രവേശം എല്ലാവരേയും ആശ്ചൎയ്യപ്പെടുത്തുന്നു.)

ചന്തുണ്ണി: (നേരെ രാജാവിനെ സമീപിച്ച് അഭ്യാസിക്കു ചേൎന്ന വിധത്തിൽ തൊഴുതു കുമ്പിട്ടു്), തിരുമനസ്സുകൊണ്ടു് അടിയന്റെ അപരാധം ക്ഷമിക്കണം. ഈ മത്സരപ്രദൎശനത്തിൽ പങ്കുകൊള്ളുവാൻ ഈ ചെറുബാലനെ അനുവദിക്കുമാറാകയും വേണം. ഇങ്ങോട്ടു കടക്കാനായി പ്രവേശനദ്വാരത്തിലെത്തിയപ്പോൾ കുട്ടിയായതിനാൽ പ്രവേശനമില്ലെന്നു പറഞ്ഞു് അധികൃതന്മാർ അടിയനെ തടഞ്ഞു. ഉടനെ ഒരു മലക്കം മറിഞ്ഞു ആൎക്കും തൊടാൻ കഴിയാത്ത വിധത്തിൽ ഈ രംഗത്തിലെത്തിയതാണ്. ഇവിടെ വന്നുചേൎന്നിരിക്കുന്ന ഏതൊരു പടയാളിയോടും ഒരു കൈ നോക്കാൻ അടിയൻ ഒരുക്കമാണ്.

വള്ളു: (ചന്തുണ്ണിയുടെ ധൈൎയ്യവും അഭ്യാസനൈപുണ്യവുംകണ്ടു് സന്തുഷ്ടനായി) എടൊ, ചെറിയ കുട്ടി! നിന്റെ ധൈൎയ്യം എന്റെ കൌതുകവും സന്തോഷവും വൎദ്ധിപ്പിക്കുന്നു. നിന്റെ ഈ മറിച്ചൽതന്നെ ഇതുവരെ ആരും കാണിക്കാത്ത ഒരൊന്നാന്തരം 'കൈ'യാണ്. മത്സരത്തിൽ പങ്കുകൊള്ളുവാൻ നാം അനുവദിച്ചിരിക്കുന്നു.

പുതുമനപ്പണിക്കർ: തിരുമനസ്സുകൊണ്ടു് പ്രത്യക്ഷമാക്കിയ വാത്സല്യവും ആശ്ചൎയ്യവും ഈ കുട്ടിയുടെ പേരിൽ ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവൎക്കുമുണ്ടു്. ഇവൻ ചന്ത്രോത്തു വീട്ടിലേയാണ്. ഇവന്റെ പൂൎവ്വികന്മാരിൽ കേളികേട്ടവർ പലരും ഉണ്ടായിരുന്നു. പ്രവേശനദ്വാരത്തിൽനിന്നു് ഒരു മലക്കംകൊണ്ടു് ഇവിടെ ചാടിയെത്തിയ ഈ വീരബാലനെ അതിശയിക്കുവാൻ ഇവിടെ ആരും ഉണ്ടാകുമെന്നു തോന്നുന്നില്ല. ഇക്കുറിയത്തെ ചാവേർ സംഘത്തിന്റെ തലവനായിട്ടുതന്നെ ഇവനെ നിയമിക്കാമെന്നാണ് അടിയന്റെ അഭിപ്രായം.

തലച്ചെന്നോർ: പ്രധാന മന്ത്രിയുടെ അഭിപ്രായത്തോടു ഇയ്യുള്ളവനും യോജിക്കുന്നുണ്ടു്. ഈ കുട്ടിസ്സിംഹത്തിനെക്കൊണ്ടു് ചില അടവുകൾ കാണിപ്പിച്ച് ഈ മത്സരവും അവസാനിപ്പിക്കാമെന്നു തോന്നുന്നു.

വള്ളു: പണിക്കരുടേയും തലച്ചെന്നോരുടേയും അഭിപ്രായം നാം സ്വീകരിക്കുന്നു. അല്ലയോ പണിക്കർകുട്ടി! നീ അഭ്യസിച്ച ചില അടവുകൾ ഈ കാണികളെ രസിപ്പിക്കുന്ന വണ്ണം കാണിക്കൂ.

ചന്തുണ്ണി: അവിടുത്തെ കല്പനപോലെ. (ചന്തുണ്ണി ചില ആയുധങ്ങളെടുത്തു പലതും കാണിക്കുന്നു. എല്ലാ പടയാളികളും ഓടിവന്നു കുട്ടിയെ എടുത്തു പൊക്കിപ്പിടിക്കുന്നു.)

കൂട്ടത്തിലൊരുവൻ: തിരുമേനി! ഈ ചെറുബാലൻ കലിയുഗത്തിലെ അഭിമന്യുവാണ്. വള്ളുവനാട്ടിന്റെ അഭിമാനസ്സംഭവുമാണ്. ഞങ്ങൾ ഈ കേസരിക്കുട്ടന്റെ ചൊൽപടി കേട്ടു 'ചാവേർ' പൊയ്ക്കൊള്ളാം. ഓജസ്സിന്നുടുത്ത ആയുസ്സും ജഗദീശ്വരൻ ഈ വീരബാലന്നു പ്രദാനം ചെയ്യട്ടെ.

വള്ളു: വീരന്മാരെ! മാലോകരെ! നാം വിഷമിച്ചിരിക്കുമ്പോൾ ഒരു നിധി കിട്ടിയപോലെയാണ് ഈ വീരബാലന്റെ പ്രവേശമുണ്ടായതു്. ചന്ത്രോത്തു തറവാടിന്റെ ഭാഗ്യം മൂൎത്തീകരിച്ച ഈ ചന്തുണ്ണി വള്ളുവനാട്ടിന്നു ഭാഗ്യവും അഭിമാനവും ഒരുപോലെ വളൎത്തുമെന്നു് നമുക്കു വിശ്വാസമുണ്ടു്. ഇക്കുറിയത്തെ 'ചാവേർ' പട ചന്തുണ്ണി നയിക്കട്ടെ! പ്രദൎശനം അവസാനിച്ചിരിക്കുന്നു. (ആൎപ്പുവിളി മുതലായ ശബ്ദങ്ങൾ.)

(തിരശ്ശീല)

## ഒരു മഹാ നേട്ടം

മദിരാശി ഗവണ്ണരുടെ യുദ്ധകാൎയ്യനിധിയുടെ മൊത്തത്തുക മൂന്നു കോടി ഉറുപ്പികയായിരിക്കുന്നു എന്നറിഞ്ഞപ്പോൾ, ബഹു: ഇന്ത്യാ വൈസറോയി മദിരാശി ഗവണ്ണൎക്കു് പ്രസ്തുത കമ്പി സന്ദേശം അയച്ചിരിക്കുന്നു:—

"താങ്കളുടെ യുദ്ധകാൎയ്യനിധി മൊത്തത്തിൽ മൂന്നു കോടി ഉറുപ്പികയായിരിക്കുന്നു എന്നു കേൾക്കുന്നതിൽ എനിക്കു വലിയ സന്തോഷമുണ്ടു്. ഇതു് ഒരു മഹാ നേട്ടമാണ്. എന്റെ ഹാൎദ്ദമായ അനുമോദനം ഞാൻ മദിരാശിയിലേക്കറിയിക്കുകയും, പ്രസ്തുത നിധിയുടെ തുടൎന്നുകൊണ്ടുള്ള വിജയത്തിന്നായി ഹൃദയപൂൎവ്വം ആശംസിക്കുകയും ചെയ്യുകൊള്ളുന്നു.

# യുദ്ധചരിതം

(ഓട്ടൻതുള്ളൽ)

ഗുണഗണനിധിയാം സമരേശ്വരനും
പ്രണയിനിയാകും സമരേശ്വരിയും
രണവിവരങ്ങൾ കഥനം ചെയ്യാൻ,
നിന്നെ വിജയങ്ങളുമിടയിൽ പറയാൻ
പാണികൾ നീട്ടിത്തുണയേകേണേ!
വാണീ ഭഗവതി വരമരുളേണേ!!
ഹിററ്‌ലർ ജർമ്മൻ പുത്തൻ കൈസർ
ഇററലിയെ തുണയായി വിളിച്ചു.

അസ്സൽ ക്ഷണനമ മത്തന്നാപ്പൊണ്ണൻ
മുസ്സോളിനിയും കരുതിയടുത്തു
ഇതിനാൽ രാജ്യക്കൊതിയർ മത്ത-
പ്പതിയൻ മൂക്കർ, ജപ്പാൻകാരും
ആസ്ട്ര്യാവൻകര കീശയിലാക്കാൻ
ആശിച്ചവരെ കൂട്ടുപിടിച്ചു.
ഇങ്ങിനെയേ 'ക്ലിസെ'ന്നൊരു കൂട്ടർ
'ഫാസിസ' ഭരണപ്പായസമായി

കട്ടിയവയറിൽ തോക്കിൻ കുഴലാൽ-
നീട്ടിവിളമ്പി പാട്ടിൽ വരുത്താൻ
ബ്രിട്ടൻ, റഷ്യ തുടങ്ങിയ സഖ്യ-
ക്കൂട്ടരെയൊക്കെ ചുട്ടുകരിക്കാൻ
തട്ടിനിരത്താൻ തക്കം നോക്കി
വട്ടംകൂട്ടിപ്പൊട്ടിച്ചാർ വെടി
നാസികൾ പോളണ്ടിൽ, കൊറിഡോറും
ഡാൻസിഗ്ഗിന്നും പോരുവിളിച്ചു

ബ്രിട്ടൻ ജർമ്മനിയോടായ് സമരം-
വെട്ടന്നങ്ങിനെ പ്രഖ്യാപിച്ചു.
അങ്ങിനെ ആയിൽ, മരുന്നു, തുടങ്ങിയ-
തിങ്ങിനെയിരുവർ തീയുകൊളുത്തി.
പോളണ്ടും, പുനരാസ്ത്രിയയും, ബത
ഹോളണ്ടും, ചെറു സ്വിററ്‌സർലാണ്ടും
അൽബേനിയയും, ബൾഗേറിയയും
റുമാനിയ; ബൽജിയവും, ഹങ്കറി

ഗ്രീസും, ഫ്രാൻസും, ക്രീററും തെല്ലൊരു
മാസംകൊണ്ടു ഗ്രസിച്ചു രിപുക്കൾ.
മദ്ധ്യധരണിക്കടലിനു തെക്കും
യുദ്ധക്കളമായിററലി മാററി
അബിസീനിയയുടെ ചതിയാൽ ടൂണീസ്,
ലിബിയ, മൊറോക്കൊ,യൽജീറിയയും
റോമാ സാമ്രാജ്യത്തിലടക്കാൻ
റോമലിനെപ്പട നായകനാക്കി-

ശാന്തിവളർക്കും നമ്മുടെ കൂട്ടർ
ചിന്തിച്ചില്ലിവയിങ്ങനെയൊക്കെ
നാസികൾ ലണ്ടൻ ബോംബെറിയുമ്പോൾ
രൂസ്വെൽട്ടെങ്ങനെ കണ്ടു സഹിക്കും?
ഇങ്ങിനെയുള്ളൊരു തഞ്ചംനോക്കി-
പ്പൊങ്ങച്ചത്താൽ രാജ്യക്കൊതിയർ
ചൈന മുടിച്ചൊരു ജാപ്പാൻകാരൻ
ജനറൽ ടോജോ സചിവപ്രവരൻ

മലയാ, ബർമ്മായെന്നിവതട്ടി
മലയാളികളെ കലുമാലാക്കി.
ഉടനെ ജപ്പാൻ നമ്മുടെ സ്വന്തം-
നാടു പിടിക്കണമെന്നൊരു കൂട്ടർ.

ജപ്പാൻ ഭരണം വന്നാൽ നാട്ടിൽ-
അപ്പടി സുഖമായ് എന്നൊരു കൂട്ടർ,
അരിയും, തുണിയും, എണ്ണയുമെല്ലാം
തെരുതെരെ നൽകിടുമവരെന്നൊരുവർ.

പഞ്ചതന്ത്ര സ്മരണപരത്തി:
വഞ്ചന ചെയ്യോരഞ്ചാംപത്തി
ബ്രിട്ടീഷ്കാരുടെ ദ്വീപു സമൂഹം
വെട്ടന്നങ്ങിനെ ഭരണം ചെയ്യാൻ
ആദ്യം വിജയം കൈവന്നപ്പോൾ
വാദിച്ചീല്ലേ ജർമ്മനി സുമുദാ?
ബക്കിങ്ങാം സൌധത്തിൽ കാപ്പി-
സ്സൽക്കാരത്തിന്നു കോപ്പുകൾ കൂട്ടി,

സദ്യയൊരുക്കാൻ ഹിററ്‌ലർ ഹെസ്സിനെ
ആദ്യത്തിങ്കലയച്ചുകൊടുത്തു.
റിബ്ബൺ ട്രോപ്പും, ഗോയ്ബൽസും, ഹേർ
ഹിംലർ, ഗോറിങ്ങ് പ്രഭൃതികളെല്ലാം
ലണ്ടൻ നഗരെ സദ്യയൊരുക്കി
കൊണ്ടാടാനായ് ഘോഷംകൂട്ടി.

(മട്ടുമാറി)

പ്രസ്തുത സംഗതികേട്ടു കൊതിച്ചിട്ടു
"സ്വസ്തി" പ്പതാകയെ കമ്പിട്ടു കൂപ്പിയും
ഹെസ്സിനെക്കാണുവാൻ ജർമ്മൻ വനിതകൾ
ഡ്രെസ്സുകൾ തേപ്പിച്ചു ക്രൂസും തുടപ്പിച്ചു
പൌഡറും മേടിച്ചു പ്രൌഢിയിൽ പൂരുഷർ
കൂടെഗമിക്കുവാൻ മീശ വടിപ്പിച്ചു

(മട്ടുമാറി)

ഇംഗ്ലീഷ്കാരുടെ രാജ്യം വാഴാൻ
ഇംഗ്ലീഷ് ചാനൽതരണം ചെയ്യാൻ
യൂ-ബോട്ടുകളും ഇ-ബോട്ടുകളും
ബോംബർ വിമാനം പതിനായിരവും

കപ്പൽപടയുടെ കീഴിൽ മുങ്ങി-
ക്കപ്പലുകൾ പലപല തരമായും
പാരച്ചൂട്ടും വൈമാനികരും
ധീരന്മാരാം കവചിതഭടരും
നിരനിരയായിപ്പശ്ചിമതീരെ
പക്ഷെ ഭീഷണി നിഷ്ഫലമായി
അങ്ങനെയംഗനമാരുടെ ശാപം
വാങ്ങിയ നാസി നശിച്ചേതീരൂ.

ജർമ്മൻപടയുടെ യക്രമഭീഷണി
കർമ്മപ്രമുഖർ റഷ്യക്കാരുടെ
നിർമ്മലരക്തം ചൊരിയാനവരുടെ
മർമ്മസ്ഥാനം ചിലതു വിഴുങ്ങി.
സ്റ്റാലിൻഗ്രാഡിനെ സംരക്ഷിപ്പാൻ
സ്റ്റാലിൻ വീരാഹ്വാനം ചെയ്തു.
വീരന്മാരവർ ഗോറില്ലക്കാർ
തെരുതെരെ വന്നോരരികളെയെല്ലാം

ഇരവും പകലും സമരംചെയ്തു
കൊറുകൊറെയൊക്കെ കൊന്നുമുടിച്ചു
അതിനാൽ ഹിററ്‌ലർ പൊളിയാറായി
മുസ്സോളിനിയോ ചാടിപ്പോയി.

—ഔസേപ്പ്, ഐ. വടക്കൻ

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.